## പതിനാലാം കേരള നിയമസഭ

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## 66-ാമത് റിപ്പോർട്ട്

**(2020 ഫെബ്രുവരി മാസം 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2020

പതിനാലാം കേരള നിയമസഭ

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## 66-ാമത് റിപ്പോർട്ട്

കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ജനറൽ & സോഷ്യൽ സെക്ടർ) 2015 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

198/2020.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| 1. പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 42 |
| 2. ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 51 |

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി

## (2019-2021)

### ഘടന

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. വി. ഡി. സതീശൻ, ചെയർമാൻ.

<u>അംഗങ്ങൾ :</u>

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. പി. കെ. ബഷീർ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. കെ. കുഞ്ഞിരാമൻ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. എസ്. ശിവകുമാർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ചിത്ര കെ. ഐ., അണ്ടർ സെക്രട്ടറി.

# മുഖവുര

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ജനറൽ & സോഷ്യൽ സെക്ടർ) 2015 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിന്മേൽ തയ്യാറാക്കിയ സമിതി (2019-2021) യുടെ 66-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ജനറൽ & സോഷ്യൽ സെക്ടർ) 2015 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 24-2-2016-ാം തീയതി സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി.

2020 ഫെബ്രുവരി മാസം 3-ാം തീയതി ചേർന്ന സമിതിയോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)-നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 3.

# റിപ്പോർട്ട്

## സാമൂഹ്യനീതി വകുപ്പ്

## ശിശുഭവനങ്ങളുടെയും നിരീക്ഷണ ഭവനങ്ങളുടെയും പ്രത്യേക ഭവനങ്ങളുടെയും പ്രവർത്തനം

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4 മുതൽ 4.4.2.1 വരെ

**ആമുഖം**

സംസ്ഥാന സർക്കാരിന് തനിച്ചോ അല്ലെങ്കിൽ മറ്റ് സന്നദ്ധ സംഘടനകളുമായി സഹകരിച്ചോ (i) ശിശുഭവനങ്ങളും (സിഎച്ച്)(ii) നിരീക്ഷണ ഭവനങ്ങളും (ഒഎച്ച്)(iii) പ്രത്യേകഭവനങ്ങളും (എസ്എച്ച്) ആരംഭിക്കാൻ അധികാരപ്പെടുത്തുന്ന ജുവനൈൽ ജസ്റ്റിസ് (കുട്ടികളുടെ കരുതലും സംരക്ഷണവും) നിയമങ്ങൾ, 2000 ഡിസംബറിൽ ഭാരത സർക്കാർ പാസാക്കി. ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ 2001 ജൂണിൽ വിജ്ഞാപനം ചെയ്തു. 2006 ആഗസ്റ്റിൽ ഈ നിയമം ഭേദഗതി വരുത്തുകയും (ആക്ട് 2006) ഭേദഗതി വരുത്തിയ മാതൃകാ ചട്ടങ്ങൾ (ജെജെ റൂൾസ്) 2007 ഒക്ടോബറിൽ പുറപ്പെടുവിക്കുകയും ചെയ്തു. കേരള സർക്കാർ 2003-ൽ ജുവനൈൽ ജസ്റ്റിസ് (കുട്ടികളുടെ കരുതലും സംരക്ഷണവും) (സംസ്ഥാന ചട്ടങ്ങൾ) ചട്ടങ്ങൾ പ്രസിദ്ധീകരിക്കുകയും 2014-ൽ[1] അതിന് ഭേദഗതി വരുത്തുകയും ചെയ്തു.

2015 മാർച്ചിൽ സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എട്ട് ശിശുഭവനങ്ങളും ആറ് പ്രത്യേക നിരീക്ഷണ ഭവനങ്ങളും എട്ട് നിരീക്ഷണ ഭവനങ്ങളും ഒരു സുരക്ഷിത സ്ഥലവും രണ്ട് പ്രത്യേക ഭവനങ്ങളും ഉണ്ട് (അനുബന്ധം III). കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണനിയന്ത്രണത്തിൻ കീഴിൽ 12 വയസ്സ് വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായിട്ടുള്ള ഒരു ശിശുഭവനം (ആലപ്പുഴ

---

1 2006-ലെ ജെ.ജെ. നിയമത്തിലെ വകുപ്പ് 68 പറയുന്നത് സംസ്ഥാന സർക്കാരിന് ഈ നിയമത്തിലെ ലക്ഷ്യങ്ങൾ നിർവഹിക്കുന്നതിന് ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനത്തിലൂടെ ചട്ടങ്ങൾ തയ്യാറാക്കുകയും എന്നാൽ ഭാരത സർക്കാരിന് സംസ്ഥാന സർക്കാർ ഈ വകുപ്പ് അനുസരിച്ച് തയ്യാറാക്കുന്ന ചട്ടങ്ങൾക്ക് മുഴുവനായോ അതിന്റെ കുറച്ച് ഭാഗത്തിനോ മാതൃകാ ചട്ടങ്ങൾ ഉണ്ടാക്കാമെന്നും അത്തരത്തിൽ ഭാരത സർക്കാർ മാതൃകാ ചട്ടങ്ങൾ വിഭാവനം ചെയ്ത വിഷയങ്ങൾ ഏതിലാണോ സംസ്ഥാന സർക്കാർ ഇതുവരെ ചട്ടങ്ങൾ തയ്യാറാക്കാത്തത് അവ സംസ്ഥാനത്തിന് പ്രയോജനപ്പെടുത്താവുന്നതും ഏതെങ്കിലും അത്തരം ചട്ടങ്ങൾ തയ്യാറാക്കുമ്പോൾ അവ എത്രത്തോളം പ്രായോഗികമാണോ അത്രത്തോളം മാതൃകാ ചട്ടങ്ങളുമായി പൊരുത്തപ്പെടേണ്ടതുമാണ്.

ജില്ലയിലെ നൂറനാട്ടിൽ) ശാരീരിക വൈകല്യമുള്ള കുട്ടികൾക്കായി രണ്ട് ശിശുഭവനങ്ങൾ (ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ), മാനസിക വൈകല്യമുള്ള കുട്ടികൾക്കായി ഒരു ശിശുഭവനം (കോഴിക്കോട് ജില്ലയിൽ) എന്നിവയും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സർക്കാരിന്റെ കീഴിലുള്ള 25 ഭവനങ്ങളിലായി 591 അന്തേവാസികൾ (417 ആൺകുട്ടികളും 174 പെൺകുട്ടികളും) ഉണ്ട് (2015 മാർച്ച്).

സംസ്ഥാനത്തിലുടനീളം ഈ നിയമങ്ങൾ നടപ്പിലാക്കേണ്ട ചുമതല സാമൂഹ്യനീതി വകുപ്പിന്റെ സെക്രട്ടറിക്കും ഈ ഭവനങ്ങളുടെ നടത്തിപ്പിന്റെ ചുമതല സാമൂഹ്യനീതി ഡയറക്ടർക്കും ആണ്. കൂടാതെ, ജില്ലാതലത്തിൽ ജൂവൈനൽ ഇൻ കോൺഫ്ലിക്ട് വിത്ത് ലോ (ജെസിഎൽ)യുമായും കരുതലും സംരക്ഷണവും ആവശ്യമുള്ള കുട്ടികളും ആയി ബന്ധപ്പെട്ട് ആക്ടിന്റെ കീഴിൽ അവർക്ക് ഏൽപ്പിച്ചു കൊടുത്തിരിക്കുന്ന കടമകൾ നിർവഹിക്കേണ്ടതിന്റെ ഉത്തരവാദിത്വം യഥാക്രമം ജൂവൈനൽ ജസ്റ്റിസ് ബോർഡിലും (ജെജെബി)[2] ശിശുക്ഷേമ സമിതിയിലും (സിഡബ്ല്യുസി)[3] നിക്ഷിപ്തമാണ്.

നാല് [4] തിരഞ്ഞെടുത്ത ജില്ലകളിൽ 2010-2015 കാലയളവ് ഉൾപ്പെടുത്തി 2015 മാർച്ച് മുതൽ ജൂൺ വരെ ഓഡിറ്റ് നടത്തി. സർക്കാർ സെക്രട്ടേറിയറ്റിലെ സാമൂഹ്യ നീതി വകുപ്പിന്റെയും (എസ്ജെഡി), സാമൂഹ്യനീതി ഡയറക്ടറേറ്റിലെയും തിരഞ്ഞെടുത്ത ശിശുക്ഷേമ സമിതികളുടെയും ജൂവൈനൽ ജസ്റ്റിസ് ബോർഡുകളുടെയും രേഖകൾ പരിശോധിച്ചു.

ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു:

---

2 സംസ്ഥാനത്തിന്റെ ജെജെ നിയമങ്ങളുടെ മൊത്തത്തിലുള്ള നടപ്പിലാക്കൽ സാമൂഹികനീതി വകുപ്പിന്റെ ഉത്തരവാദിത്വത്തിലായിരിക്കുമ്പോൾ, ജെസിഎല്ലുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ജെ.ജെ.ബി.യിൽ നിക്ഷിപ്തമാണ്.
(എ) കേസ്സുകളുടെ ന്യായവിചാരം ചെയ്യലും തീർപ്പാക്കലും. (ബി) സ്ഥാപനങ്ങൾ മേൽ നിരീക്ഷിക്കലും ജെജെബിയുടെ നിർദ്ദേശങ്ങളുടെ അനുവർത്തനത്തിന്റെ അന്വേഷിക്കലും. (സി) ബന്ധപ്പെട്ട സർക്കാർ ഭാരവാഹികൾ/സന്നദ്ധ സംഘടനകളുടെ ഭാരവാഹികളുടെയും ഭാഗത്തുള്ള അനുവർത്തനമില്ലായ്മ കൈകാര്യം ചെയ്യുന്നു. (ഡി) മറ്റ് ജില്ലകളിലെ ജെജെബികളുമായി പരസ്പര സമ്പർക്കം പുലർത്തൽ തുടങ്ങിയവ.

3 സിഡബ്ല്യുസിയുടെ ഉത്തരവാദിത്വങ്ങൾ (എ) സിഡബ്ല്യുസിയുടെ മുമ്പാകെ ഹാജരാകുന്ന കുട്ടികളെ സ്വീകരിക്കലും അവരെ നിരീക്ഷിക്കലും (ബി) ഉടനടിയുള്ള ആശ്രയം ഉൾപ്പെടെ ആവശ്യമായ കരുതലും സംരക്ഷണവും ഉറപ്പാക്കൽ (സി) ശിശു സൗഹാർദ്ദപരമായ അന്തരീക്ഷം കുട്ടികൾക്ക് നൽകുക തുടങ്ങിയവ.

4 ആലപ്പുഴ, കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ.

### ശിശു ഭവനങ്ങൾ (4.4.2)

ശിശുക്ഷേമ സമിതികളുടെ (സിഡബ്ല്യൂസി[5]) മുന്നിൽ ഹാജരാക്കപ്പെടുന്ന കരുതലും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ ഒരു സാമൂഹ്യ സേവകന്റെയോ ഒരു ശിശുക്ഷേമ ഉദ്യോഗസ്ഥന്റെയോ അന്വേഷണത്തിന് വിധേയമായി ശിശു ഭവനത്തിലേക്ക് അയയ്ക്കുന്നു. ഈ കുട്ടികൾക്ക് കുടുംബമോ പ്രകടമായ ആശ്രയമോ ഇല്ലെന്നും കരുതലും സംരക്ഷണവും തുടർന്നും ആവശ്യമാണെന്നും അന്വേഷണത്തിന്റെ അവസാനം ശിശുക്ഷേമ സമിതി തീരുമാനിച്ചാൽ ഈ കുട്ടികളെ 18 വയസ്സ് പൂർത്തിയാക്കുന്നതുവരെയോ യോജിച്ച പുനരധിവാസം നടത്തുന്നതുവരെയോ ശിശുഭവനത്തിൽ തന്നെ താമസിക്കാൻ അനുവദിക്കാം. കുട്ടികളുടെ മൊത്തത്തിലുള്ള വികാസം ഉറപ്പുവരുത്തുന്നതിനും അവരുടെ പുനരധിവാസവും മുഖ്യധാരാ സമൂഹത്തിലേക്കുള്ള കടന്നുവരവും സാധ്യമാക്കുന്നതിനും വേണ്ടിയുള്ള ബൃഹത്തായ ശിശുക്ഷേമ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ ഭവനങ്ങളുടെ ഉദ്ദേശ്യം.

### ശിശുഭവനങ്ങളുടെ പേരു ചേർക്കൽ(4.4.2.1)

ആക്ടിന്റെ 34(3) വകുപ്പ് പ്രകാരം, സംസ്ഥാന സർക്കാരോ സന്നദ്ധ സംഘടനകളോ നടത്തുന്ന എല്ലാ ശിശു ഭവനങ്ങളും ഈ ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ആരോഗ്യം, വിദ്യാഭ്യാസം, ഭക്ഷണ-താമസ സൗകര്യങ്ങൾ, തൊഴിൽപരമായ സൗകര്യങ്ങൾ, പുനരധിവാസത്തിന്റെ സാധ്യതകൾ തുടങ്ങിയവയുടെ പര്യാപ്തത പരിശോധിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ശിശുഭവനങ്ങൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാവൂ. സംസ്ഥാന സർക്കാർ നടത്തുന്ന എല്ലാ ശിശുഭവനങ്ങളും ഈ ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്യാത്തത് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം നടത്താനുള്ള കേരള സർക്കാരിന്റെ അധികാരത്തെ നഷ്ടപ്പെടുത്തുകയും ആരോഗ്യം, വിദ്യാഭ്യാസം, താമസ-ഭക്ഷണ സൗകര്യങ്ങളുടെ പര്യാപ്തത തുടങ്ങിയവയുടെ ഉറപ്പാക്കൽ സാധ്യമല്ലാതെയുമാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു

2014-ലെ സംസ്ഥാന നിയമത്തിന്റെ വിജ്ഞാപനത്തിന് മുമ്പ് ജില്ലയിലെ ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളുടെ രജിസ്ട്രേഷന്റെ അധികാരി അതാത് ജില്ലകളിലെ ജില്ലാ സാമൂഹ്യനീതി ഓഫീസർ (ഡിഎസ്ജെഒ) ആയിരുന്നെന്നും സംസ്ഥാന ശിശുഭവനങ്ങൾ അതാത് ഡി.എസ്.ജെ.ഒ.-യിൽ നിന്നും രജിസ്ട്രേഷൻ വാങ്ങിയിട്ടുണ്ടെന്നും സർക്കാർ മറുപടി പറഞ്ഞു (2015 ഡിസംബർ). സർക്കാർ ശിശുഭവനങ്ങൾ ഇതുവരെയും

5 ശിശുക്ഷേമ സമിതിയിൽ ഒരു ചെയർപേഴ്സണും നാല് മറ്റ് അംഗങ്ങളും ഉൾപ്പെടുന്നു. ഇത് സംസ്ഥാന സർക്കാരാൽ രൂപീകൃതമായും ഒരു മജിസ്ട്രേറ്റ് ബെഞ്ചായി പ്രവർത്തിക്കുകയും ചെയ്യുന്നു. 1973-ലെ ക്രിമിനൽ നടപടി കോഡ് പ്രകാരം ഒരു മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് ആയോ ഒരു ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ആയോ, കേസിന് അനുസരിച്ച്, ഇതിന് അധികാരം നൽകിയിട്ടുണ്ട്.

ബന്ധപ്പെട്ട ഡി.എസ്.ജെ.ഒ.-യിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് കണ്ടെത്തിയതിനാൽ സർക്കാർ നൽകിയ മറുപടി ശരിയല്ല. എല്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങൾക്കും (സർക്കാർ-സർക്കാരിതര) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കിട്ടാനുള്ള നടപടിക്രമങ്ങൾ വിവരിക്കുന്ന വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ കേരള സർക്കാർ പുറപ്പെടുവിച്ചെങ്കിലും (2008 ജനുവരി) 2014 നവംബറിൽ കേരള സർക്കാർ മറ്റൊരു ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം മാത്രമേ ശിശുഭവനങ്ങൾ രജിസ്ട്രേഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ളൂ എന്ന് ഓഡിറ്റ് കണ്ടെത്തി. 2008 ജനുവരിയിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പിന്റെ നിഷ്ക്രിയത്വത്തിനുള്ള കാരണങ്ങൾ വ്യക്തമല്ല.

[ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.]

1. "ശിശു ഭവനങ്ങളുടെ പേരുചേർക്കൽ" എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി, സംസ്ഥാന സർക്കാരോ, സന്നദ്ധ സംഘടനകളോ നടത്തുന്ന എല്ലാ ശിശുഭവനങ്ങളുടെയും രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ടോയെന്ന് വനിതാ ശിശുവികസന വകുപ്പ് ഉദ്യോഗസ്ഥരോട് ആരാഞ്ഞു. എല്ലാ ശിശു ഭവനങ്ങളും രജിസ്റ്റർ ചെയ്യണമെന്ന സുപ്രീം കോടതിയുടെ നിർദ്ദേശമനുസരിച്ച് 817 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും രജിസ്ട്രേഷൻ ഇല്ലാത്തവ പ്രവർത്തിക്കേണ്ടതില്ലായെന്ന് അറിയിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ സി.ഡബ്ല്യു.സി. വഴി അത്തരം സ്ഥാപനങ്ങളിൽ താമസിച്ചുവന്ന കുട്ടികളെ മറ്റ് ഭവനങ്ങളിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ടെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു. യത്തീംഖാനയുടെ കീഴിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച് സുപ്രീംകോടതിയിൽ കേസ് നടക്കുന്നതിനാൽ അത്തരം സ്ഥാപനങ്ങളൊഴികെ ബാക്കി സ്ഥാപനങ്ങളെല്ലാം രജിസ്റ്റർചെയ്തിട്ടുണ്ടെന്നും ഡയറക്ടർ തുടർന്ന് അറിയിച്ചു.

2. എല്ലാ ശിശുഭവനങ്ങളും രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കെ ഇക്കാര്യത്തിൽ സുപ്രീംകോടതി വിധി കാത്തിരിക്കേണ്ട ആവശ്യമുണ്ടായിരുന്നോയെന്ന സമിതിയുടെ ചോദ്യത്തിന് ജെ.ജെ. (ജുവനൈൽ ജസ്റ്റിസ്) ആക്ടനുസരിച്ച് നടപടി സ്വീകരിച്ചപ്പോൾ സ്ഥാപന ഉടമകൾ ഹൈക്കോടതിയെ സമീപിക്കുകയും സ്റ്റേ വാങ്ങുകയും ചെയ്തുവെന്നും നിയമത്തിൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള സൗകര്യങ്ങൾ പരിശോധിക്കേണ്ടതില്ലായെന്നും രജിസ്ട്രേഷൻ മാത്രം നടത്തിയാൽ മതിയെന്നുമാണ് ഹൈക്കോടതി വിധിയെന്നും എന്നാൽ നിയമത്തിലെ എല്ലാ വ്യവസ്ഥകളും പാലിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാർ അപ്പീൽ നൽകിയെന്നും ജെ.ജെ. ആക്ട് പ്രകാരമുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടായിരിക്കണമെന്നതാണ് സുപ്രീംകോടതി വിധിയെന്നും സുപ്രീംകോടതി വിധി പ്രകാരമാണ് 817 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതെന്നും വനിതാശിശു വികസന വകുപ്പ് ഡയറക്ടർ മറുപടി പറഞ്ഞു.

3. ജെ.ജെ. ആക്ട് അനുസരിച്ച് വ്യവസ്ഥകളെല്ലാം പാലിക്കുന്ന സ്ഥാപനങ്ങൾക്കുമാത്രമേ രജിസ്ട്രേഷൻ നൽകേണ്ടതുള്ളുവെന്നും ഇത്തരം ഒരു നിയമം പാർലമെന്റ് നിർമ്മിക്കുമ്പോൾ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പരിശോധിച്ചതിന് ശേഷമാണ് നടപ്പിൽ വരുത്തേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

4. 2006-ലെ ജെ.ജെ. നിയമത്തിലെ 34(3) വകുപ്പുപ്രകാരം സംസ്ഥാന സർക്കാരോ സന്നദ്ധ സംഘടനകളോ നടത്തുന്ന എല്ലാ ശിശു ഭവനങ്ങളും ഈ നിയമത്തിന് വിധേയമായി രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ ഏതൊര് നിയമത്തിന്റേയും അന്തസത്ത ഉൾക്കൊണ്ടും ഉദ്ദേശലക്ഷ്യങ്ങൾ മുൻനിർത്തിയും വേണം അതിലെ വ്യവസ്ഥകൾ നടപ്പിലാക്കേണ്ടത് എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ എല്ലാ ശിശുഭവനങ്ങളേയും രജിസ്റ്റർ ചെയ്യുന്നതിനുപരിയായി പ്രസ്തുത നിയമം അനുശാസിക്കുന്ന വ്യവസ്ഥകളെല്ലാം പാലിച്ചുകൊണ്ട് സൗകര്യങ്ങളൊരുക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ രജിസ്ട്രേഷൻ നൽകേണ്ടതുള്ളൂ എന്ന് വ്യവസ്ഥ ചെയ്താലേ നിയമത്തിന്റെ ഉദ്ദേശലക്ഷ്യം നിറവേറുകയുള്ളൂ എന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ നിയമവ്യവസ്ഥകൾ എല്ലാം പാലിച്ചുകൊണ്ടുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ ശിശുഭവനമായി രജിസ്ട്രേഷൻ അനുവദിക്കാവൂ എന്ന് സമിതി നിർദ്ദേശിക്കുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4.2.2.

**പെൺകുട്ടികൾക്കുള്ള ശിശുഭവനം (4.4.2.2)**

10 മുതൽ 18 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികൾക്കായി പ്രത്യേക ശിശുഭവനം വേണമെന്ന് 2007-ലെ ജെ.ജെ. ചട്ടങ്ങളിലെ ചട്ടം 29 (എഫ്) അനുശാസിക്കുന്നു. കേരളത്തിൽ എറണാകുളം ജില്ലയിലും കോഴിക്കോട് ജില്ലയിലും പെൺകുട്ടികൾക്കായുള്ള ശിശുഭവനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പെൺകുട്ടികൾക്കായുള്ള ശിശുഭവനങ്ങളുടെ എണ്ണക്കുറവ് അമിതമായ തിരക്കിനും പെൺകുട്ടികളെ കേരള ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥാലയങ്ങളിലേക്ക് അയയ്ക്കുന്നതിനും ഇടയാക്കി.

പെൺകുട്ടികൾക്കായുള്ള ശിശുഭവനങ്ങൾ ഇല്ലാത്തതുകൊണ്ട്, അനുയോജ്യമായ സ്ഥാപനങ്ങളിലായി[6] പ്രഖ്യാപിക്കാത്ത മഹിളാമന്ദിരങ്ങളിലോ[7] സർക്കാരിതര സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളിലോ അന്വേഷണവിധേയമായി കുറച്ച് കാലത്തേക്ക് പെൺകുട്ടികളെ താമസിപ്പിക്കുന്നതായി ഓഡിറ്റ് പരിശോധന നടത്തിയ തിരുവനന്തപുരം, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ കണ്ടെത്തി. 2012-2015 കാലയളവിൽ 188 പെൺകുട്ടികൾ തിരുവനന്തപുരത്തുനിന്നും, 55 പെൺകുട്ടികൾ ആലപ്പുഴയിൽനിന്നും വിവിധ അനാഥാലയങ്ങളിലേക്ക് അയയ്ക്കപ്പെട്ടു. 2010-2015 കാലയളവിൽ 335 പെൺകുട്ടികളെ തൃശ്ശൂർ ജില്ലയിലെ മഹിളാമന്ദിരത്തിലേക്ക് അയച്ചു. സന്ദർഭവശാൽ, ഈ മഹിളാമന്ദിരം ഇമ്മോറൽ ട്രാഫിക് പ്രിവൻഷൻ ആക്ടിന്റെ കീഴിൽ സ്ത്രീകളുടെ സംരക്ഷണ ഭവനമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.

ഈ അനാഥാലയങ്ങൾ ജെ.ജെ. ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ല എന്നതിനാലും അധികാരികളോട് കണക്കു വിവരങ്ങൾ ബോധിപ്പിക്കേണ്ടി വരുമെന്നതിനാൽ പെരുമാറ്റ വൈകല്യങ്ങൾ/പോലീസ് അന്വേഷണങ്ങളുള്ള പെൺകുട്ടികളെ താമസിപ്പിക്കാൻ തയ്യാറാകാത്തതിനാലും ഈ കുട്ടികളെ അനാഥാലയങ്ങളിൽ താമസിപ്പിക്കുന്നത് വലിയ പ്രശ്നമാണെന്ന് സി.ഡബ്ല്യു.സി. തൃശ്ശൂർ സമ്മതിച്ചു (2015 ജൂൺ). ബാലലൈംഗിക പീഡനത്തിൽ ഉൾപ്പെട്ടവരും അനാഥാലയങ്ങളിൽ പാർപ്പിച്ചിരിക്കുന്നവരുമായ കുട്ടികൾ സ്വാഗതാർഹമല്ലാത്ത ചുറ്റുപാടുകളെക്കുറിച്ച് മിക്കപ്പോഴും പരാതിപ്പെടാറുണ്ട്.

സംസ്ഥാനത്ത് പെൺകുട്ടികളുടെ ശിശുഭവനങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നുണ്ടെന്ന് സമ്മതിക്കുന്നതോടൊപ്പം (2015 സെപ്റ്റംബർ) കൊല്ലം ജില്ലയിൽ സർക്കാർ സഹായത്തോടുകൂടി സർക്കാരിതര സംഘടന പെൺകുട്ടികൾക്കായുള്ള ഒരു ശിശുഭവനം ആരംഭിച്ചതായി (2015 ജൂൺ) കേരള സർക്കാർ പ്രസ്താവിച്ചു. ലൈംഗിക പീഡനത്തിനിരയായ പെൺകുട്ടികൾക്കായി നിർഭയ മന്ദിരം സ്ഥാപിച്ചതുകൂടാതെ തൃശ്ശൂരിൽ ഒരു പുതിയ ബാലികാമന്ദിരം നിർമ്മിക്കുന്നതിനുള്ള അനുവാദം സംസ്ഥാന സർക്കാർ നൽകി. ബാലികാമന്ദിരങ്ങൾക്കായി നിലവിലുള്ള ആവശ്യകത മുകളിൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ പൂർണ്ണമായും നിറവേറ്റാനാകുമെന്നും പുതിയ ബാലികാമന്ദിരങ്ങൾക്കായി ആവശ്യമുയരുമ്പോൾ സർക്കാരിതര സംഘടനകൾക്ക് അംഗീകാരം നൽകാനുള്ള ഒരു പദ്ധതി തുടങ്ങിയിട്ടുണ്ടെന്നും സർക്കാർ പ്രസ്താവിച്ചു.

---

6 ഒരു കുട്ടിയുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറാവുന്ന ഒരു സർക്കാർ അല്ലെങ്കിൽ രജിസ്റ്റർ ചെയ്ത ഒരു സർക്കാരിതര സംഘടന അല്ലെങ്കിൽ ഒരു സന്നദ്ധ സംഘടനയെ മതിയായ അധികാരമുള്ളയാളുടെ ശിപാർശയ്ക്കു വിധേയമായി സംസ്ഥാന സർക്കാർ അനുയോജ്യമാണെന്ന് കണ്ടെത്തുമ്പോൾ ആ സ്ഥാപനത്തെ അനുയോജ്യമായ സ്ഥാപനമെന്നു പറയുന്നു.

7 വിധവകൾ, വിവാഹമോചിതർ, അഗതികൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ തുടങ്ങി 18 വയസ്സിന് മുകളിൽ പ്രായമുള്ളവരെ മഹിളാമന്ദിരങ്ങളിൽ പ്രവേശിപ്പിക്കുന്നു.

നിർഭയ മന്ദിരങ്ങൾ പൂർണ്ണമായും ലൈംഗികപീഡനത്തിനിരയായ പെൺകുട്ടികൾക്ക് വേണ്ടിയുള്ളതാണെന്നും കരുതലും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കായി ഉദ്ദേശിച്ചിട്ടുള്ളതല്ലാത്തതിനാലും സർക്കാരിന്റെ മറുപടി സമർത്ഥനീയമല്ല. കൂടാതെ, കുട്ടികളെ മഹിളാമന്ദിരത്തിൽ താമസിപ്പിക്കുന്നത് ഒഴിവാക്കേണ്ടതാണെന്ന് ഉത്തമബോധ്യമുണ്ടെന്ന് തൃശ്ശൂർ ശിശുക്ഷേമസമിതി സ്ഥിരീകരിച്ച് അനുയോജ്യമെന്ന് അംഗീകരിക്കപ്പെടാത്ത മഹിളാമന്ദിരങ്ങളിലും സർക്കാരിതര സ്ഥാപനങ്ങളിലും പെൺകുട്ടികളെ പാർപ്പിക്കുന്നത് വഴി, ആക്ടിൽ വിഭാവനം ചെയ്തിരിക്കുന്ന അത്യന്താപേക്ഷിതമായ കരുതലും സഹായവും നിഷേധിക്കുന്നുവെന്ന് മാത്രമല്ല പെൺകുട്ടികളെ സുരക്ഷിതമല്ലാത്ത പരിതസ്ഥിതിയിൽ താമസിപ്പിക്കുന്നതുകൊണ്ടുള്ള ഗുരുതരമായ അപകടങ്ങൾക്കും കാരണമാകുന്നു.

[ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.]

5. മയ്യനാട്, തൃശ്ശൂർ എന്നിവിടങ്ങളിലെ പെൺകുട്ടികൾക്കായുള്ള ശിശുഭവനങ്ങളുടെ നിലവിലെ അവസ്ഥയെന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന് മയ്യനാട്ടുള്ള ശിശു ഭവനം നിലവിൽ പ്രവർത്തിച്ചുവരികയാണെന്നും തൃശ്ശൂരിൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ലായെന്നും വൈദ്യുതീകരണ പ്രവൃത്തികൾ ബാക്കിയുണ്ടെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ മറുപടി പറഞ്ഞു. കൂടാതെ ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ നാല് ശിശു ഭവനങ്ങൾ കൂടി ആരംഭിച്ചിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചു.

6. നിലവിൽ പെൺകുട്ടികൾക്കായി എത്ര ശിശുഭവനങ്ങൾ ഉണ്ടെന്നും, തൃശ്ശൂരിലെ ശിശുഭവനം പൂർത്തിയാകുമ്പോൾ എല്ലാ പെൺകുട്ടികളെയും പാർപ്പിക്കാനാവശ്യമായ സ്ഥല സൗകര്യം ലഭിക്കുമോയെന്നും സമിതി ആരാഞ്ഞതിന് മറുപടിയായി പെൺകുട്ടികൾക്കായി നാല് ശിശുഭവനങ്ങൾ സർക്കാരിന്റേയും രണ്ടെണ്ണം എൻ.ജി.ഒ.കളുടേതുമായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും ഇതിനുപുറമെ 13 നിർഭയ ഭവനങ്ങൾ കൂടി ഉണ്ടെന്നും, മയ്യനാട്ടുള്ള ശിശുഭവനം മഹിളാ സമഖ്യസൊസൈറ്റിയാണ് നടത്തി വരുന്നതെന്നും അപ്രകാരം എല്ലാ പെൺകുട്ടികളെയും താമസിപ്പിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളുണ്ടെന്നും മാത്രമല്ല രജിസ്ട്രേഷൻ നടത്തിയ മറ്റ് ഭവനങ്ങളിലേക്കും സി.ഡബ്ല്യൂ.സി. യിൽ നിന്ന് കുട്ടികളെ വിടാറുണ്ടെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

7. മഹിളാ മന്ദിരങ്ങളിലേക്ക് കുട്ടികളെ അയയ്ക്കാറുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ചില മഹിളാ മന്ദിരങ്ങളിലേക്ക് കുട്ടികളെ അയയ്ക്കുന്നുണ്ടെന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ മറുപടി പറഞ്ഞു. മഹിളാ മന്ദിരത്തിലെ സ്ത്രീകളോടൊപ്പം കുട്ടികളെ താമസിപ്പിക്കരുതെന്നുള്ളതാണ് എ.ജി.യുടെ പരാമർശമെന്നും മതിയായ സൗകര്യങ്ങളില്ലാത്ത

കാലത്ത് കുട്ടികളെ മഹിളാ മന്ദിരത്തിലേക്ക് അയച്ചിരുന്നുവെങ്കിലും ഇപ്പോൾ മതിയായ സൗകര്യങ്ങൾ ഉണ്ടായനിലയ്ക്ക് കുട്ടികളെ മഹിളാ മന്ദിരത്തിലേക്ക് അയയ്ക്കേണ്ട തില്ലായെന്നും സമിതി അഭിപ്രായപ്പെട്ടു. കുട്ടികളെ മാത്രമായി മഹിളാ മന്ദിരത്തിലേക്ക് അയയ്ക്കാറില്ലെന്നും അമ്മമാരോടൊപ്പം വരുന്ന ചില കുട്ടികളെ മാത്രമാണ് അയയ്ക്കുന്നതെന്നും ഡയറക്ടർ അറിയിച്ചു. മഹിളാ മന്ദിരത്തിൽ സ്ത്രീകളോടൊപ്പം കുട്ടികളെ താമസിപ്പിക്കരുതെന്ന എ.ജി. യുടെ പരാമർശം കൃത്യമായി പാലിക്കുന്നുണ്ടെന്ന കാര്യം ഉറപ്പാക്കണമെന്ന് സമിതി വകുപ്പിന് നിർദ്ദേശം നൽകി. അപ്രകാരം ഉറപ്പാക്കുന്നതിന് സി.ഡബ്ല്യു.സി.ക്ക് നിർദ്ദേശം നൽകിയതായി വനിതാശിശു വികസന വകുപ്പ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

8. അനുയോജ്യമെന്ന് അംഗീകരിക്കാത്ത മഹിളാമന്ദിരത്തിലും മറ്റ് സർക്കാരിതര സ്ഥാപനങ്ങളിലും പെൺകുട്ടികളെ താമസിപ്പിക്കുന്നത് ജെ.ജെ. നിയമത്തിൽ അനുശാസിക്കും പ്രകാരം അവർക്ക് അർഹതപ്പെട്ടതും അനുവദിച്ചുനൽകേണ്ടതുമായ കരുതലും സഹായവും നിഷേധിക്കുന്നതിനിടയാക്കുമെന്നത് കൂടാതെ സുരക്ഷിതമല്ലാത്ത ചുറ്റുപാടുകളിൽ താമസിക്കുന്നത് ഗുരുതരമായ അപകടാവസ്ഥയ്ക്കും ഇടയാക്കുമെന്ന് സമിതി സന്ദേഹിക്കുന്നു. മതിയായ സൗകര്യങ്ങളില്ലാതിരുന്ന കാലത്ത് പെൺകുട്ടികളെ മഹിളാ മന്ദിരത്തിലേക്ക് അയച്ചിരുന്നുവെങ്കിലും ഇപ്പോൾ മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള നിലയ്ക്ക് കുട്ടികളെ മഹിളാ മന്ദിരത്തിലേക്ക് അയയ്ക്കേണ്ട സാഹചര്യം നിലനിൽക്കുന്നില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, മഹിളാമന്ദിരത്തിൽ സ്ത്രീകളോടൊപ്പം കുട്ടികളെ താമസിപ്പിക്കുന്നത് ഒഴിവാക്കേണ്ട താണെന്നും ഇക്കാര്യം കൃത്യമായി പാലിക്കുന്നുണ്ടെന്ന കാര്യം ഉറപ്പാക്കണമെന്നും സമിതി വകുപ്പിന് കർശന നിർദ്ദേശം നൽകുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4.2.3.

**ശിശുഭവനം, നിരീക്ഷണ ഭവനം, പ്രത്യേക ഭവനം എന്നിവയിൽ നിന്ന് കാണാതാകുന്ന കുട്ടികൾ/പ്രായപൂർത്തിയാകാത്ത നിയമവിരുദ്ധർ (4.4.2.3)**

സ്ഥാപനത്തിൽ നിന്നും അനുവാദമില്ലാതെ പുറത്തുപോകുന്ന കുട്ടികളുടെ മേൽ കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ച് ജെ.ജെ. ചട്ടങ്ങൾ 2007-ലെ ചട്ടം 50(11)-ൽ പ്രതിപാദിച്ചിരിക്കുന്നു. ചട്ടം 18(2)-ൽ നിരീക്ഷണഭവനങ്ങൾ/പ്രത്യേക ഭവനം എന്നിവിടങ്ങളിൽ നിന്ന് രക്ഷപ്പെട്ടുപോകുന്ന, നിയമത്തെ എതിർക്കുന്ന കുട്ടി (ജെസിഎൽ)കളെ കൈകാര്യം ചെയ്യാനുള്ള വിധം പ്രതിപാദിച്ചിരിക്കുന്നു. ഈ നിയമങ്ങളിൽ, ഒരു കുട്ടി

ശിശുഭവനത്തിൽ നിന്ന് കാണാതാവുകയോ, നിരീക്ഷണ ഭവനങ്ങളിൽ/പ്രത്യേക ഭവനങ്ങളിൽ നിന്ന് രക്ഷപ്പെടുകയോ ചെയ്താൽ സ്ഥാപനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉടൻ തന്നെ കാണാതായ കുട്ടിയെ തിരയുന്നതോടൊപ്പം പോലീസിനും കുട്ടിയുടെ കുടുംബത്തിനും റിപ്പോർട്ടുനൽകുകയും കുട്ടിയെ അല്ലെങ്കിൽ ജുവനൈലിനെ കണ്ടെത്താൻ വേണ്ടി സ്വീകരിച്ച നടപടികളും സാഹചര്യങ്ങളും വിശദീകരിച്ച് ശിശുക്ഷേമസമിതിയ്ക്കും ജെ.ജെ.ബി.യ്ക്കും ബന്ധപ്പെട്ട അധികാരികൾക്കും റിപ്പോർട്ട് നൽകേണ്ടതാണ്.

2010-2015 കാലയളവിൽ കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ എന്നിവിടങ്ങളിലെ ശിശുഭവനങ്ങളിൽ നിന്നും 47 കുട്ടികൾ അനുവാദമില്ലാതെ പോയതായി ഓഡിറ്റ് കണ്ടെത്തി.

ഇവരിൽ തെരുവിൽ നിന്നുള്ള കുട്ടികളും സ്വഭാവവൈകല്യങ്ങളുള്ള കുട്ടികളും ഉണ്ടായിരുന്നു. അതുപോലെ, ദൈനംദിനചര്യകളും ശാന്തമായ അന്തരീക്ഷവുമായി പൊരുത്തപ്പെടാൻ കഴിയാത്തതും കറങ്ങി നടക്കാൻ താല്പര്യമുള്ളതുമായ, കുറ്റകൃത്യങ്ങളുടെ പശ്ചാത്തലമുള്ള എട്ട് നിയമവിരുദ്ധരായ ജുവനൈലുകൾ കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള നിരീക്ഷണ/പ്രത്യേക ഭവനങ്ങളിൽ നിന്നും 2010-2015 കാലയളവിൽ രക്ഷപ്പെട്ടു. ഈ വിവരം പോലീസിലും ശിശുക്ഷേമസമിതികളിലും ജുവനൈൽ ജസ്റ്റിസ് ബോർഡിലും അറിയിച്ചെങ്കിലും കാണാതായ കുട്ടികളെ കണ്ടെത്താൻ കഴിഞ്ഞില്ല (2015 ഒക്ടോബർ).

പ്രൊഫഷണൽ കൗൺസിലർമാരുടെ ശരിയായ കൗൺസിലിങ്ങിന്റെ അഭാവം, യോഗ്യതയുള്ള കൗൺസിലർമാർ/ മനോരോഗവിദഗ്ദ്ധർ എന്നിവർ വ്യക്തിഗത കരുതൽ പദ്ധതി തയ്യാറാക്കാത്തത്, കുട്ടികളിലെ സ്വഭാവവൈകല്യം, കുടുംബപ്രശ്നങ്ങൾ, കുറ്റകരമായ പശ്ചാത്തലം, ഭവനങ്ങളിലെ സുരക്ഷിതത്വക്കുറവ് എന്നിവയാണ് ജെ.സി.എല്ലു.കൾ/കുട്ടികളെ കാണാതായതിന് കാരണമായി ശിശുഭവനം/നിരീക്ഷണ ഭവനം/ പ്രത്യേക ഭവനത്തിലെ സൂപ്രണ്ടുമാർ പറഞ്ഞത് (2015 ഒക്ടോബർ).

ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ കാവൽ ശക്തിപ്പെടുത്താനും ഓരോ ഭവനത്തിലും വിമുക്തഭടന്മാരെ നിയോഗിക്കാനുമുള്ള ഫലപ്രദമായ നടപടികളെടുക്കുന്നതായി സർക്കാർ പ്രസ്താവിച്ചു (2015 സെപ്റ്റംബർ), കാണാതായ കുട്ടികളുടെ വിവരങ്ങൾ ട്രാക്ക് ചൈൽഡ് നാഷണൽ വെബ് പോർട്ടലിൽ കൊടുത്തതായും കേരള സർക്കാർ അറിയിച്ചു

[ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.]

9. ശിശുഭവനം, നിരീക്ഷണ ഭവനം, പ്രത്യേക ഭവനം എന്നിവയിൽ നിന്ന് കാണാതാകുന്ന കുട്ടികൾ/പ്രായപൂർത്തിയാകാത്ത നിയമവിരുദ്ധർ എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി 2010-2015 കാലയളവിലെ വിവിധ ശിശുഭവനങ്ങളിൽ നിന്നും കുട്ടികൾ അനുവാദമില്ലാതെ പുറത്ത് പോയതിന്റെയും അവരെ കണ്ടെത്താൻ കഴിയാത്തതിന്റെയും

അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് പ്രത്യേക നിരീക്ഷണം ആവശ്യമായ കുട്ടികൾക്ക് നിലവിൽ ശരിയായ കൗൺസിലിംഗ് നൽകാറുണ്ടോയെന്ന് ആരാഞ്ഞതിന് മറുപടിയായി ഇപ്പോൾ കൗൺസിലിംഗ് നടക്കുന്നുണ്ടെന്നും ആയതിനാവശ്യമായ സ്ഥലങ്ങളിൽ കൗൺസിലർമാരെ നിയോഗിച്ചിട്ടുണ്ടെന്നും വനിതാശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു

10. കാണാതായ കുട്ടികളെ കണ്ടെത്തിയിട്ടുണ്ടോയെന്നും, ഇനിയും എത്ര കുട്ടികളെ കണ്ടെത്താനുണ്ടെന്നും സമിതി ആരാഞ്ഞു. കുട്ടികളെ കണ്ടെത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ 'ട്രാക്കിംഗ് ചൈൽഡ്' എന്ന സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ടെന്നും, ഇനിയും തിരികെ കിട്ടാത്ത കുട്ടികളെ സംബന്ധിച്ച കണക്കുകൾ നിലവിൽ ലഭ്യമല്ലായെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു

11. ശിശുഭവനം, നിരീക്ഷണഭവനം, പ്രത്യേക ഭവനം എന്നിവയിൽ നിന്നും എത്ര കുട്ടികളെ കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ കാണാതായി; ഇവരിൽ എത്ര കുട്ടികളെ കണ്ടെത്തി; ഇത് സംബന്ധിച്ച് പോലീസിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ നിലവിലെ അവസ്ഥ തുടങ്ങിയ വിവരങ്ങളിൽ വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി വകുപ്പിനോട് ആവശ്യപ്പെട്ടു.

12. ജെ. ജെ. ആക്ടിൽ സൂചിപ്പിക്കുന്ന വ്യക്തിഗത പരിചരണ പദ്ധതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന് മറുപടിയായി സർക്കാരിന് കീഴിലുള്ള എല്ലാ ഭവനങ്ങളിലും വ്യക്തിഗത പരിചരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും, രജിസ്ട്രേഷൻ നടത്തിയ മറ്റ് ഭവനങ്ങളിലും പ്രസ്തുത പദ്ധതി തയ്യാറാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുള്ളതായും വനിതാശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു

13. ജെ.ജെ. ആക്ടിൽ പറഞ്ഞിട്ടുള്ള വ്യക്തിഗത പരിചരണം പദ്ധതി നിർബന്ധമാക്കണമെന്നും സർക്കാർ ഭവനങ്ങൾ, എൻ.ജി.ഒ. നടത്തുന്ന സ്ഥാപനങ്ങൾ എന്നീ വേർതിരിവില്ലാതെ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള എല്ലാ ശിശുഭവനങ്ങളിലും ഈ പദ്ധതി നടപ്പിൽ വരുത്തണമെന്നും നിയമത്തിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകളെല്ലാം പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കണമെന്നും സമിതി വകുപ്പിനോട് ആവശ്യപ്പെട്ടു

## നിഗമനങ്ങൾ/ശിപാർശകൾ

14. ശിശുഭവനം, നിരീക്ഷണഭവനം, പ്രത്യേക ഭവനം എന്നിവയിൽ നിന്നും എത്ര കുട്ടികളെ 2015-2018 വർഷക്കാലയളവിൽ കാണാതായി, ഇവരിൽ എത്ര കുട്ടികളെ കണ്ടെത്തി, ഇത് സംബന്ധിച്ച് പോലീസിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ നിലവിലെ അവസ്ഥ തുടങ്ങിയ വിവരങ്ങളിൽ വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി വകുപ്പിനോട് ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ പ്രസ്തുത റിപ്പോർട്ട്

ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഇപ്രകാരം സമിതി അടിയന്തരമായി ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിൽ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന അലംഭാവം സമിതിയോടുള്ള അനാദരവാണെന്ന് സമിതി കരുതുന്നു. കൂടാതെ ആവശ്യപ്പെട്ട അധിക വിവരങ്ങൾ ലഭിക്കാത്തത് സമിതിക്ക് ടി വിഷയത്തെക്കുറിച്ച് തുടർ പഠനം നടത്തുന്നതിനും പോരായ്മകൾ ചൂണ്ടിക്കാട്ടി പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും വിഘാതം സൃഷ്ടിക്കുന്നതായി സമിതി ചൂണ്ടിക്കാട്ടുന്നു. ഭാവിയിൽ ഇത്തരത്തിൽ വീഴ്ചകൾ വരുത്താതിരിക്കാൻ വകുപ്പിന്റെ ഭാഗത്തുനിന്നും സത്വരശ്രദ്ധ ഉണ്ടാകണമെന്നും സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശം നൽകുന്നു.

15. ജെ.ജെ. ആക്ടിൽ പറഞ്ഞിട്ടുള്ള വ്യക്തിഗത പരിചരണം പദ്ധതി നിർബന്ധമാക്കണമെന്നും സർക്കാർ ഭവനങ്ങൾ, എൻ.ജി.ഒ. നടത്തുന്ന സ്ഥാപനങ്ങൾ എന്നീ വേർതിരിവില്ലാതെ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള എല്ലാ ശിശുഭവനങ്ങളിലും ഈ പദ്ധതി നടപ്പിൽ വരുത്തണമെന്നും നിയമത്തിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകളെല്ലാം പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4.2.4 .

**ലൈംഗിക ചൂഷണത്തിന് കുറ്റാരോപിതനായ സർക്കാർ ഉദ്യോഗസ്ഥനെ തിരിച്ചെടുത്തത്:(4.4.2.4)**

ജുവൈനൽ ജസ്റ്റിസ് ചട്ടങ്ങൾ 2007-ലെ ചട്ടം 60 അനുസരിച്ച് അന്തേവാസികളുടെ നേർക്ക് ശകാരം, അവഗണന, മോശമായ പെരുമാറ്റം എന്നിവ ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാനുള്ള സംവിധാനം ഓരോ സ്ഥാപനത്തിലും ഉണ്ടായിരിക്കണം. ജുവനൈൽ ജസ്റ്റിസ് ചട്ടങ്ങൾ 2007-ലെ ചട്ടം 89(2) അനുസരിച്ച് ശിശുഭവനത്തിനകത്തോ പുറത്തോ വച്ച് ഒരു അന്തേവാസിയെ ശാരീരികമായോ ലൈംഗികമായോ വൈകാരികമായോ പീഡിപ്പിച്ചതായി ഏതെങ്കിലും ജീവനക്കാരനോ സംരക്ഷകനോ കുറ്റാരോപിതനായാൽ, ശരിയായ അന്വേഷണത്തിന് ശേഷം അയോഗ്യനാക്കേണ്ടതാണ്. കോഴിക്കോട് പെൺകുട്ടികൾക്കായുള്ള ശിശുഭവനത്തിലെ അന്തേവാസികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ അടുത്തുള്ള ആൺകുട്ടികൾക്കായുള്ള ശിശുഭവനത്തിലെ ഇലക്ട്രീഷ്യൻ-കം-പമ്പ് ഡ്രൈവർക്കെതിരെ ക്രിമിനൽ കേസ് രേഖപ്പെടുത്തി (2014 ആഗസ്റ്റ്) സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. രണ്ടുകൂട്ടരും തമ്മിലുള്ള രമ്യമായ ഒരു ഒത്തുതീർപ്പിന് ശേഷം 2014 സെപ്റ്റംബറിൽ ഹൈക്കോടതി കുറ്റാരോപിതനെതിരെയുള്ള

എല്ലാ നടപടികളും നിർത്തിവച്ചു ഇതേ സമയം, കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം തടയൽ ആക്ടി (പിഒസിഎസ്ഒ) ന്റെ കീഴിൽ അതേ സ്ഥാപനത്തിൽ തന്നെയുള്ള മറ്റൊരു അന്തേവാസിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ 2014 ഒക്ടോബറിൽ പുതിയ ഒരു കേസ് അയാൾക്കെതിരെ രജിസ്റ്റർ ചെയ്തു. ഒരു പുതിയ കേസിൽ ഉൾപ്പെട്ടിരുന്നെങ്കിലും സാമൂഹ്യനീതി ഡയറക്ടർ കുറ്റാരോപിതനെ കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസിൽ തിരിച്ചെടുക്കുകയും (2015 മേയ്) കോഴിക്കോട് പെൺകുട്ടികൾക്കായുള്ള ശിശുഭവനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്താനുള്ള അനുവാദം നൽകുകയും ചെയ്തു.

കുടുംബമില്ലാത്ത സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കാനുള്ള സർക്കാർ സംവിധാനത്തിന് കീഴിലെ പ്രധാനപ്പെട്ട ഭാഗങ്ങളാണ് ശിശുഭവനങ്ങൾ പോലെയുള്ള സ്ഥാപനങ്ങൾ. പ്രഥമദൃഷ്ട്യാ ലൈംഗിക കുറ്റാരോപിതനായ വ്യക്തിയെ തിരിച്ചെടുക്കുകയും അയാളുടെ തൊഴിലിന്റെ പേരിൽ പെൺകുട്ടികളുടെ ഭവനത്തിൽ പ്രവേശനം അനുവദിക്കുകയും ചെയ്തത് ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കാനുള്ള നിലവിലുള്ള നിയമത്തിന്റെയും ചട്ടങ്ങളുടെയും വ്യക്തമായ ലംഘനവും ആ സ്ഥാപനത്തിൽ താമസിക്കുന്ന കുട്ടികളുടെ ശാരീരികവും മാനസികവുമായ ക്ഷേമത്തിനുള്ള ഒഴിവാക്കാവുന്ന ഒരു ഭീഷണിയുമാണ്.

കേരള സിവിൽ സർവ്വീസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ ആൻഡ് അപ്പീൽ) നിയമമനുസരിച്ച് ഒരു ജീവനക്കാരനെ അനന്തമായി സസ്പെൻഷനിൽ നിർത്താനാവാത്തതിനാലാണ് അന്വേഷണവിധേയമായി സർവ്വീസിൽ തിരിച്ചെടുത്തതെന്ന് സർക്കാർ പ്രസ്താവിച്ചു (2015 സെപ്റ്റംബർ). ഇലക്ട്രീഷ്യൻ-കം-പമ്പ് ഡ്രൈവറുടെ ശമ്പള സ്കെയിലിന് സമാനമായി വകുപ്പിൽ വേറെ ഒരു ജോലിയുമില്ലാതിരുന്നതിനാലാണ് അയാളെ തിരികെ കോഴിക്കോട് തന്നെ ജോലിയിൽ പ്രവേശിപ്പിച്ചതെന്നും ഇയാൾക്ക് സ്ഥാപനത്തിലെ സൂപ്രണ്ടിന്റെ കൃത്യമായ മേൽനോട്ടത്തിനുകീഴെ മാത്രമേ ശിശു ഭവനത്തിൽ ഏതെങ്കിലും ഇലക്ട്രിക്കൽ/പ്ലമ്പിംഗ് ജോലികൾ ചെയ്യാനാവു എന്നും പ്രസ്താവിച്ചു. പെൺകുട്ടികളുടെ സുരക്ഷയും സംരക്ഷണത്തിനും നേരെയുള്ള സർക്കാരിന്റെ നിർവ്വികാരതയാണ് ഈ മറുപടി കാണിക്കുന്നത്. സാമൂഹ്യനീതി വകുപ്പിലെ നിയമാധികാരിയുടെ നിയമോപദേശത്തിന് വിരുദ്ധമായി ലൈംഗിക അതിക്രമത്തിന് കുറ്റാരോപിതനായ വ്യക്തിയെ തിരിച്ചെടുത്തത് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറാണ്. കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾക്കെതിരെയുള്ള നിയമമനുസരിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിരിക്കെ (2014 ഒക്ടോബർ) യാണ് ഇയാളെ സർവ്വീസിൽ തിരിച്ചെടുത്തത് (2015 മേയ്). ഇത് നിലവിലുള്ള നിയമത്തിന്റെയും ചട്ടങ്ങളുടെയും വ്യക്തമായ ലംഘനമാണ്.

[ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.]

16. "ലൈംഗിക ചൂഷണത്തിന് കുറ്റാരോപിതനായ സർക്കാർ ഉദ്യോഗസ്ഥനെ തിരിച്ചെടുത്തത്" എന്ന ഖണ്ഡിക പരിഗണിച്ച സമിതി പോക്സോ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ ഹൈക്കോടതി എഫ്.ഐ.ആർ. റദ്ദാക്കാനിടയായതിലും കുറ്റാരോപിതനായ ജീവനക്കാരനെ അതേ ശിശുഭവനത്തിൽ തന്നെ തിരികെ നിയമിച്ച നടപടിയിലും വകുപ്പിനെ നിശിതമായി വിമർശിച്ച പ്രസ്തുത വ്യക്തിയെ സംരക്ഷിക്കുന്നതിനുള്ള നീക്കങ്ങൾ നടന്നതായി വ്യക്തമായി മനസ്സിലാകുന്നുവെന്നും ടി വ്യക്തിയെ പ്രസ്തുത സ്ഥാപനത്തിൽ വീണ്ടും ജോലി ചെയ്യുന്നതിന് അനുവദിച്ചാൽ ഇത്തരം പ്രശ്നങ്ങൾ ആവർത്തിക്കപ്പെടുന്നതിന് സാധ്യതയുണ്ടെന്നും പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഇത്തരത്തിൽ നിരുത്തരവാദപരമായി കൈകാര്യം ചെയ്താൽ കുട്ടികളുള്ള എല്ലാ സ്ഥലങ്ങളിലും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുമെന്നും സമിതി ചൂണ്ടിക്കാട്ടി.

17. കുറ്റാരോപിതനായ വ്യക്തിയെ അതേ വളപ്പിൽതന്നെയുള്ള വൃദ്ധസദനത്തിലേക്ക് വീണ്ടും നിയമനം നൽകിയത് നീതിയുക്തമാണോയെന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി ടിയാനെ തിരുവനന്തപുരത്തുള്ള പുലയനാർ കോട്ടയിലെ വൃദ്ധസദനത്തിലേക്കാണ് മാറ്റിയിട്ടുള്ളതെന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

18. കോഴിക്കോട് ജില്ലയിലെ വെള്ളിമാടുകുന്നിലുള്ള പ്രസ്തുത സ്ഥാപനത്തിൽ 28 ഏക്കറോളം വരുന്ന വളപ്പിനുള്ളിൽ വൃദ്ധസദനം, ജുവൈനൽ ഹോം, പെൺകുട്ടികൾക്കുള്ള ഭവനം, ആൺകുട്ടികൾക്കുള്ള ഭവനം, മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള പ്രത്യാശാ ഭവനം, ഒരു സ്കൂൾ ഉൾപ്പെടെ 12-ഓളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ഡയറക്ടർ അറിയിച്ചു. ഈ സ്ഥാപനങ്ങൾ പ്രത്യേകം കോമ്പൗണ്ടുകളിലാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അപ്രകാരം നിർദ്ദേശിച്ചിട്ടില്ലെന്ന് ഡയറക്ടർ അറിയിച്ചു.

19. ശിശു ഭവനങ്ങളിലെ അന്തേവാസികൾ അവർക്കുനേരെയുള്ള അതിക്രമങ്ങൾ ഭയംകാരണം പുറത്തുപറയാറില്ലായെന്നും, കൗൺസിലർമാർ റിപ്പോർട്ടുചെയ്യുന്ന ഇത്തരം പരാതികൾ നേരിട്ട് ജില്ലാ ശിശു സംരക്ഷണ ഓഫീസർക്കും അവിടെനിന്നും വകുപ്പിനും ലഭിക്കുമ്പോൾ നീതിയുക്തമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

20. കോഴിക്കോട് പെൺകുട്ടികൾക്കായുള്ള ശിശുഭവനത്തിലെ അന്തേവാസികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ അടുത്തുള്ള ആൺകുട്ടികൾക്കായുള്ള ശിശുഭവനത്തിലെ ഇലക്ട്രീഷ്യൻ-കം-പമ്പ് ഓപ്പറേറ്റർക്കെതിരെ എടുത്ത പോക്സോ നിയമപ്രകാരമുള്ള കേസ് കോടതി റദ്ദാക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി വകുപ്പിനോടാവശ്യപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

21. പോക്സോ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ ഹൈക്കോടതി എഫ്.ഐ.ആർ. റദ്ദാക്കാനിടയായതിലും കുറ്റാരോപിതനായ ജീവനക്കാരനെ അതേ ശിശുഭവനത്തിൽ തന്നെ തിരികെ നിയമിച്ച വകുപ്പിന്റെ നടപടിയിലും സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. കരുതൽ ലഭിക്കാത്ത സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതിനായുള്ള സർക്കാർ സംവിധാനമായ ശിശുഭവനങ്ങൾ പോലെയുള്ള സ്ഥാപനങ്ങളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത് ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കാനുള്ള നിലവിലുള്ള നിയമത്തിന്റെയും ചട്ടങ്ങളുടെയും വ്യക്തമായ ലംഘനമാണെന്ന് സമിതി വീക്ഷിക്കുന്നു. ഇക്കാര്യത്തിൽ കുറ്റാരോപിതനായ വ്യക്തിയെ സംരക്ഷിക്കുന്നതിനുള്ള നീക്കങ്ങൾ നടന്നതായി സമിതി സംശയിക്കുന്നു. പോക്സോ നിയമം പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകളിൽ ഹൈക്കോടതി എഫ്.ഐ.ആർ. റദ്ദാക്കാറില്ലെന്നും അപ്രകാരം റദ്ദാക്കിയിട്ടുണ്ടെങ്കിൽ കുറ്റാരോപിതനായ വ്യക്തിയെ സംരക്ഷിക്കുന്ന രീതിയിൽ കേസ് നിരുത്തരവാദപരമായി കൈകാര്യം ചെയ്തതുകൊണ്ടാണ് സംഭവിച്ചതെന്നും സമിതി നിരീക്ഷിക്കുന്നു. പോക്സോ കേസ്സുകൾ നിരുത്തരവാദപരമായി കൈകാര്യം ചെയ്താൽ ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാൻ സാധ്യതയുണ്ടെന്നും സമിതി വിലയിരുത്തുന്നു. പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിലെ എഫ്.ഐ.ആർ. ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ വളരെ സൂക്ഷ്മതയോടും അവധാനതയോടുംകൂടി വേണം തയ്യാറാക്കേണ്ടതെന്നും കുറ്റകൃത്യം ചെയ്തവർക്ക് രക്ഷപ്പെടുവാൻ സഹായകമാകുന്നതരത്തിൽ ബോധപൂർവ്വമോ അല്ലാതെയോ യാതൊരു പഴുതും നടപടിക്രമങ്ങളിൽ ഉണ്ടാകുവാൻ പാടില്ലായെന്നും വകുപ്പ് ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകണമെന്നും ഇക്കാര്യത്തിൽ ഉദാസീന സമീപനം സ്വീകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും സമിതി ശക്തമായി നിർദ്ദേശിക്കുന്നു.

22. കോഴിക്കോട് പെൺകുട്ടികൾക്കായുള്ള ശിശുഭവനത്തിലെ അന്തേവാസികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ സമീപത്തുള്ള ആൺകുട്ടികൾക്കായുള്ള ശിശുഭവനത്തിലെ ഇലക്ട്രീഷ്യൻ-കം-പമ്പ് ഓപ്പറേറ്റർക്കെതിരെ പോക്സോ നിയമപ്രകാരമുള്ള കേസ് കോടതി റദ്ദാക്കാനുണ്ടായ സാഹചര്യം, മറ്റേതെങ്കിലും കേസ് ടിയാൾക്കെതിരെ ഉണ്ടോ, തുടങ്ങി ഈ വിഷയം സംബന്ധിച്ച എല്ലാ വിവരങ്ങളും ഉൾക്കൊണ്ടുകൊണ്ടുള്ള വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി വകുപ്പിനോട് നിർദ്ദേശിക്കുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4.2.5.

**ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ശിശുഭവനം ഒരേ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് (4.4.2.5)**

ജെ.ജെ. ചട്ടങ്ങൾ 2007-ലെ ചട്ടം 29 (എഫ്) അനുസരിച്ച് 10 മുതൽ 18 വയസ്സുവരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ശിശുഭവനങ്ങൾ സ്ഥാപിക്കേണ്ടതാണ്. എന്നാൽ നൂറനാട് ശിശുഭവനത്തിൽ 10 മുതൽ 12 വയസ്സ് വരെ പ്രായമുള്ള 11 ആൺകുട്ടികളെയും 8 പെൺകുട്ടികളെയും ഒരുമിച്ച് പാർപ്പിച്ചിരിക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു.

ആലപ്പുഴ ശിശുഭവനത്തെ പെൺകുട്ടികൾക്ക് മാത്രമുള്ളതായും നൂറനാട് ശിശുഭവനത്തെ ആൺകുട്ടികൾക്ക് മാത്രമുള്ളതായും മാറ്റാനുള്ള പരിഗണനയിലാണെന്ന് സർക്കാർ മറുപടി നൽകി (2015 സെപ്റ്റംബർ).

പെൺകുട്ടികൾക്കായുള്ള ശിശുഭവനം സ്ഥാപിക്കുന്നതിൽ പരാജയപ്പെട്ടതുകാരണം, ജുവനൈൽ ജസ്റ്റിസ് നിയമങ്ങൾക്കു വിരുദ്ധമായി ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരുമിച്ച് പാർപ്പിച്ചതിനാൽ മറുപടി സ്വീകാര്യമല്ല.

[ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.]

23. "ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ശിശുഭവനം ഒരേ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്" എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി നൂറനാട് ശിശുഭവനത്തിൽ ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരുമിച്ച് പാർപ്പിച്ചിരിക്കുന്നത് സംബന്ധിച്ച് വകുപ്പിനോട് വിശദീകരണം ആരാഞ്ഞതിന് മറുപടിയായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും നിലവിൽ പ്രത്യേകം താമസ സൗകര്യം ചെയ്തു കൊടുത്തിട്ടുണ്ടെന്ന് വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

24. ജെ.ജെ. നിയമങ്ങൾക്ക് വിരുദ്ധമായി ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരുമിച്ച് പാർപ്പിച്ചിരിക്കുന്നത് ശരിയായ നടപടിയല്ലെന്നും പെൺകുട്ടികൾക്കായി പ്രത്യേക ശിശുഭവനം ഉണ്ടായിരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

25. ജെ.ജെ. നിയമങ്ങൾക്ക് വിരുദ്ധമായി ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരുമിച്ച് പാർപ്പിച്ചിരിക്കുന്നത് ശരിയായ നടപടിയല്ലെന്നും പെൺകുട്ടികൾക്കായി പ്രത്യേക ശിശുഭവനം ഉണ്ടായിരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4.3 മുതൽ 4.4.3.2 വരെ

## നിരീക്ഷണ ഭവനങ്ങൾ/പ്രത്യേക ഭവനങ്ങൾ (4.4.3)

### നിരീക്ഷണ ഭവനങ്ങൾ (4.4.3.1)

ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ പോലീസ് കൊണ്ടുവരുന്ന നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന കുട്ടികളെ ഒന്നുകിൽ ജാമ്യത്തിൽ വീട്ടിലേക്ക് തിരിച്ചയയ്ക്കുകയോ അല്ലെങ്കിൽ അന്വേഷണ വിധേയമായി നിരീക്ഷണ ഭവനങ്ങളിൽ താമസിപ്പിക്കുകയോ ചെയ്യുന്നു. അന്വേഷണത്തിനുശേഷം, കുട്ടികളെ വെറുതെ വിടുകയോ പുനരധിവാസത്തിനായി പ്രത്യേക ഭവനങ്ങളിലേക്ക് മാറ്റുകയോ ചെയ്യുന്നു. സാമൂഹ്യ നീതി വകുപ്പ് ഇടുക്കി ജില്ലയിലൊഴികെ മറ്റെല്ലാ ജില്ലകളിലും ആൺകുട്ടികൾക്കുള്ള നിരീക്ഷണ ഭവനങ്ങൾ നടത്തുന്നു. പെൺകുട്ടികൾക്കായുള്ള നിരീക്ഷണ ഭവനം കോഴിക്കോട് ജില്ലയിൽ മാത്രമേയുള്ളൂ.

### ഒരേ പരിസരത്തുതന്നെ നിരീക്ഷണ ഭവനവും ശിശുഭവനവും പ്രവർത്തിക്കുന്നത് (4.4.3.2)

ജുവൈനൽ ജസ്റ്റിസ് ചട്ടങ്ങൾ 2007-ലെ ചട്ടം 40(1) ഉം സംസ്ഥാന ചട്ടങ്ങൾ 2014-ലെ ചട്ടം 53-ഉം പറയുന്നത് കുറ്റവാസനയുള്ള കുട്ടികളുടെ ഭവനവും കരുതലും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ ഭവനവും വെവ്വേറെ പരിസരങ്ങളിലാണ് പ്രവർത്തിക്കേണ്ടത് എന്നാണ്. നിരീക്ഷണ ഭവനങ്ങളും ശിശുഭവനങ്ങളും ഒരേ പരിസരത്ത് പ്രവർത്തിക്കുന്ന നിരീക്ഷണ ശിശുഭവനങ്ങൾ സംസ്ഥാനത്ത് ഏഴ്[8] ജില്ലകളിൽ പ്രവർത്തിക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. സംരക്ഷണവും സുരക്ഷിതത്വവും ആവശ്യമുള്ള കുട്ടികളെ കുറ്റകൃത്യങ്ങളോ കുറ്റകൃത്യങ്ങളുമായി ബന്ധമുള്ളതോ ആയ സാഹചര്യങ്ങളിൽ നിന്നുവന്ന കുട്ടികളുമായി സമ്പർക്കത്തിലേർപ്പെടാനുള്ള അവസരമുണ്ടാക്കുന്നത് ആക്ടിന്റെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധവും ആശങ്കാജനകവുമാണ്.

നിരീക്ഷണ ഭവനങ്ങളിലെ അന്തേവാസികളുടെ എണ്ണം ശരാശരി മൂന്നോ അഞ്ചോ മാത്രമായതിനാൽ പൊതുഖജനാവിലെ പണത്തിന്റെ പൂർണ്ണ വിനിയോഗത്തിനായി കെട്ടിടത്തിന്റെ താഴത്തെ നില ശിശുഭവനമായും മുകളിലത്തെ നില നിരീക്ഷണ ഭവനമായും ഏഴുജില്ലകളിൽ ഉപയോഗിച്ചതായി സർക്കാർ മറുപടി നൽകി (2015 സെപ്റ്റംബർ). ജുവനൈൽ ജസ്റ്റിസ് ചട്ടങ്ങൾ 2007 അനുസരിച്ച്, കുറ്റകൃത്യങ്ങളോ കുറ്റകൃത്യങ്ങളുമായി ബന്ധമുള്ളതോ ആയ കുട്ടികളിൽ നിന്നും സംരക്ഷണവും കരുതലും ആവശ്യമുള്ള കുട്ടികളെ വേർതിരിച്ച് സംരക്ഷിക്കാൻ വേണ്ടി സംരക്ഷണവും കരുതലും ആവശ്യമുള്ള കുട്ടികളെയും കുറ്റവാസനയുള്ള കുട്ടികളെയും വെവ്വേറെ പരിസരങ്ങളിൽ താമസിപ്പിക്കേണ്ടതായതിനാൽ മറുപടി സ്വീകാര്യമല്ല.

[ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.]

---

8 ആലപ്പുഴ, കണ്ണൂർ, കാസർഗോഡ്, മലപ്പുറം, പാലക്കാട്, പത്തനംതിട്ട, വയനാട് ജില്ലകൾ

26. ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ പോലീസ് കൊണ്ടുവരുന്ന നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന കുട്ടികളെ പുനഃരധിവസിപ്പിക്കുന്നതിനായി കൂടുതൽ നിരീക്ഷണ ഭവനങ്ങൾ ആവശ്യമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് നിലവിൽ പ്രവർത്തിക്കുന്ന നിരീക്ഷണ ഭവനങ്ങളിൽ കുറച്ച് കുട്ടികളെയുള്ളുവെന്നും ആയതിനാൽ കൂടുതൽ നിരീക്ഷണ ഭവനങ്ങൾ ആവശ്യമില്ലായെന്നും വകുപ്പ് ഡയറക്ടർ മറുപടി പറഞ്ഞു.

27. "ഒരേ പരിസരത്തുതന്നെ നിരീക്ഷണ ഭവനവും ശിശു ഭവനവും പ്രവർത്തിക്കുന്നത്" എന്ന ഖണ്ഡിക പരിഗണിച്ച സമിതി ജുവനൈൽ ജസ്റ്റിസ് ചട്ടങ്ങൾ പ്രകാരം നിരീക്ഷണ ഭവനം, ശിശുഭവനം എന്നിവ വെവ്വേറെ പരിസരങ്ങളിൽ പ്രവർത്തിക്കണമെന്നിരിക്കെ, പ്രസ്തുത സ്ഥാപനങ്ങൾ ഒരേ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന് നിരീക്ഷണ ഭവനമായി പ്രവർത്തിക്കുന്ന മുകളിലത്തെ നിലയിലെ കുട്ടികളും ശിശുഭവനമായി പ്രവർത്തിക്കുന്ന താഴത്തെ നിലയിലെ കുട്ടികളും തമ്മിൽ പരസ്പരം ബന്ധപ്പെടുന്നതിനുള്ള സാഹചര്യമില്ലായെന്ന സർക്കാർ മറുപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി.

28. 2017-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആൺകുട്ടികളെയും പെൺകുട്ടികളെയും പ്രത്യേകമായാണ് ഇപ്പോൾ പാർപ്പിക്കുന്നതെന്ന് വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

29. ജുവനൈൽ ജസ്റ്റിസ് ചട്ടങ്ങൾ പ്രകാരം നിരീക്ഷണ ഭവനം, ശിശുഭവനം എന്നിവ വെവ്വേറെ പരിസരങ്ങളിൽ പ്രവർത്തിക്കണമെന്നിരിക്കെ, പ്രസ്തുത സ്ഥാപനങ്ങൾ ഒരേ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ നിരീക്ഷണ ഭവനമായി പ്രവർത്തിക്കുന്ന മുകളിലത്തെ നിലയിലെ കുട്ടികളും ശിശുഭവനമായി പ്രവർത്തിക്കുന്ന താഴത്തെ നിലയിലെ കുട്ടികളും തമ്മിൽ പരസ്പരം ബന്ധപ്പെടുന്നതിനുള്ള സാഹചര്യമില്ലായെന്ന സർക്കാർ മറുപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സംരക്ഷണവും സുരക്ഷിതത്വവും ആവശ്യമുള്ള കുട്ടികളെ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികളുമായി സമ്പർക്കത്തിലേർപ്പെടാനുള്ള അവസരമുണ്ടാക്കുന്നത് വളരെ ആശങ്കാജനകവും ജെ.ജെ. ആക്ടിന്റെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജെ.ജെ. ചട്ടങ്ങൾ അനുസരിച്ച് നിരീക്ഷണ ഭവനവും ശിശുഭവനവും വെവ്വേറെ പരിസരങ്ങളിൽ പ്രവർത്തിപ്പിക്കുന്നതിന് വകുപ്പിന്റെ ഭാഗത്തു നിന്നും കർശന നടപടി ഉണ്ടായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4.3.3.

**കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസം കാരണം നിർബന്ധിതമായ പാർപ്പിക്കൽ (4.4.3.3)**

2007-ലെ ജുവനൈൽ ജസ്റ്റിസ് ചട്ടങ്ങളിലെ ചട്ടം 13-ഉം 15-ഉം അനുസരിച്ച് ഒരു കുറ്റവാസനയുള്ള കുട്ടിയെ ജുവനൈൽ ജസ്റ്റിസ് ബോർഡിനുമുമ്പിൽ ഹാജരാക്കുന്നതിന് മുമ്പ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, പരാമവധി 6 മാസത്തിനകം അയാളെക്കുറിച്ച് അന്വേഷണങ്ങൾ പൂർത്തിയാക്കുകയും വിധി തീർപ്പാക്കേണ്ടതുമാണ്. അന്വേഷണത്തിന്റെ അവസാനം വിധി തീർപ്പുണ്ടാകുമ്പോൾ കുറ്റവാസനയുള്ള കുട്ടികളെ അവരുടെ കുടുംബവുമായി യോജിപ്പിക്കുകയോ പ്രത്യേക ഭവനങ്ങളിൽ പുനരധിവസിപ്പിക്കുകയോ ചെയ്യും. എന്നാൽ 2014 സെപ്റ്റംബർ വരെയുള്ള കാലയളവിൽ കേസ്സുകൾ തീർപ്പാക്കാനുള്ള കാലതാമസം ആറുമാസം മുതൽ നാല് വർഷം വരെയായിരുന്നു. പരിശോധന നടത്തിയ നാല് ജില്ലകളിൽ, ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ അന്വേഷണം പൂർത്തിയാക്കി അന്തിമവിധിയുണ്ടാവുന്നതിലെ കാലതാമസം കാരണം 8 ആൺകുട്ടികളും 4 പെൺകുട്ടികളും, 14 മാസം വരെയുള്ള കാലയളവുകളിൽ നിരീക്ഷണ ഭവനങ്ങളിൽ തടവിലാണ്. അന്തിമവിധി പ്രസ്താവിക്കുന്നതിലെ കാലതാമസം കുട്ടികളെ അവരുടെ കുടുംബവുമായി കൂട്ടിയോജിപ്പിക്കുന്നതിനും പ്രത്യേക ഭവനങ്ങളിൽ പുനരധിവാസം നടത്തുന്നതിനും ഉള്ള കാലതാമസത്തിനും കാരണമാവുകയും, നിയമത്തിൽ വിശദമാക്കിയിരിക്കുന്ന അടിസ്ഥാന തത്വങ്ങളായ സ്വദേശത്തേക്കുള്ള തിരിച്ചയയ്ക്കലിനും പുനരധിവാസത്തിനും എതിരാവുകയും ചെയ്യുന്നു.

ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ തിരക്കിട്ട കാര്യപരിപാടികളാണ് കാലതാമസത്തിന് കാരണമായി സർക്കാർ പറഞ്ഞത് (2015 സെപ്റ്റംബർ). ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ടിനെ ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ പ്രിൻസിപ്പൽ മജിസ്ട്രേട്ടാക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചതായും അത് ജുവനൈൽ ജസ്റ്റിസ് ബോർഡിലെ കേസ്സുകളുടെ കാലതാമസം കുറയ്ക്കാൻ സഹായിക്കുമെന്നും സർക്കാർ പറഞ്ഞു.

[ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.]

30. "കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസം കാരണം നിർബന്ധിതമായ പാർപ്പിക്കൽ" എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെയുള്ള കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസം സംബന്ധിച്ച് ആരാഞ്ഞതിന്

മറുപടിയായി എല്ലാ ജില്ലകളിലും ഓരോ കോടതി വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, 2017 അവസാനിക്കുമ്പോൾ ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ കീഴിൽ പോക്സോ കേസ് ഉൾപ്പെടെ 1637 കേസുകളും CWC-ൽ 355 കേസുകളും ഉൾപ്പെടെ 4779 കേസുകളാണ് തീർപ്പാക്കാനുള്ളതെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു കോടതി കൂടിയാൽ മാത്രമേ കേസുകൾ തീർപ്പാക്കാൻ സാധിക്കുകയുള്ളൂയെന്നും കേസ് തീരുന്നതുവരെ കുട്ടികളെ പുറത്തുവിടാൻ സാധിക്കില്ലായെന്നും, വകുപ്പ് അവരെ സംരക്ഷിക്കേണ്ടതാണെന്നും സമിതി നിരീക്ഷിച്ചു

31. സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി നാലായിരത്തിലധികം കേസുകൾ തീർപ്പാക്കാതെ കിടക്കുന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഹൈക്കോടതിയിൽ ശിപാർശ നൽകിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ജെ.ജെ. കമ്മിറ്റി ഹൈക്കോടതിയിലുണ്ടെന്നും ഇത്തരം കമ്മിറ്റി എല്ലാ ജില്ലയിലും വേണമെന്ന ശിപാർശ കൊടുത്തിട്ടുണ്ടെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

32. ഒരു ജില്ലയിൽ ഒരു ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് മാത്രമേയുള്ളൂവെന്നും, ഇതിനായി പ്രത്യേക കോടതിയില്ലായെന്നും ഇത് കോടതിയുടെ അധിക ജോലിയാണെന്നും ആയതിനാൽ ഇത്തരം കേസുകൾ അടിയന്തരമായി പരിഹരിക്കപ്പെടുന്നതിന് ബുദ്ധിമുട്ടാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഇത്തരം കേസുകൾ തീർപ്പുകൽപ്പിക്കുന്നതിന് ബുദ്ധിമുട്ടുള്ള സാഹചര്യം പരിഗണിച്ച് എല്ലാ ജില്ലയിലും ജെ.ജെ. കമ്മിറ്റി സ്ഥാപിക്കുന്നതിന് ഹൈക്കോടതി മുൻപാകെ അപേക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സർക്കാരിനോട് ശക്തമായി ശിപാർശ നൽകുവാൻ സമിതി തീരുമാനിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

33. ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെയുള്ള കേസുകൾ തീർപ്പാക്കുന്നതുവരെ കേസുമായി ബന്ധപ്പെട്ട കുട്ടികളെ നിരീക്ഷണ ഭവനങ്ങളിൽ നിന്നും പുറത്തുവിടാൻ സാധിക്കില്ലായെന്നും വകുപ്പ് അവരെ സംരക്ഷിക്കേണ്ടതാണെന്നും കോടതി കൂടിയാൽ മാത്രമേ കേസുകൾ തീർപ്പാക്കാൻ സാധിക്കുകയുള്ളൂവെന്നും സമിതി മനസ്സിലാക്കുന്നു.

34. ഒരു ജില്ലയിൽ ഒരു ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് മാത്രമേയുള്ളൂവെന്നും, ജെ.ജെ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾക്കായി പ്രത്യേക കോടതിയില്ലായെന്നും ഇത് കോടതിയുടെ നിലവിലെ ജോലിയ്ക്കുപുറമേയുള്ള അധിക ജോലിയാണെന്നും ആയതിനാൽ ഇത്തരം കേസുകൾ അടിയന്തരമായി പരിഹരിക്കപ്പെടേണ്ടതാണെങ്കിലും അതിന് കാലതാമസം നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജെ.ജെ. നിയമപ്രകാരമുള്ള കേസുകൾ തീർപ്പുകൽപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസം

ഒഴിവാക്കുന്നതിനായി എല്ലാ ജില്ലയിലും ജെ.ജെ. കമ്മിറ്റി സ്ഥാപിക്കുന്നതിന് ഹൈക്കോടതി മുൻപാകെ അപേക്ഷ നൽകുവാൻ സർക്കാർ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4.3.4 മുതൽ 4.4.3.5 വരെ

**'സുരക്ഷിത സ്ഥാനത്തിന്റെ' പ്രവർത്തനം (4.4.3.4)**

പതിനാറ് വയസ്സ് പൂർത്തിയായതും ഗൗരവതരമായ കുറ്റകൃത്യങ്ങൾ ചെയ്യുതോ, നിരീക്ഷണ ഭവനങ്ങളിലും പ്രത്യേക ഭവനങ്ങളിലും താമസിക്കുന്ന മറ്റ് കുട്ടികളുടെയോ അവരുടെയോ ഉത്തമതാൽപ്പര്യത്തിന് വിരുദ്ധമായ സ്വഭാവമുള്ളതോ ആയ കുട്ടികളെ പാർപ്പിക്കുന്ന ഭവനമാണ് 'സുരക്ഷിത സ്ഥാനം'. അവരുടെ വിദ്യാഭ്യാസ, തൊഴിൽ, മാനസിക, മാനസികാരോഗ്യ, സാമൂഹ്യ, തൊഴിൽ പുനരധിവാസത്തിനായും അവരെ മോശമായ കൂട്ടുകെട്ടിലേക്കും കുറ്റകൃത്യങ്ങളിലേക്കും തിരിച്ചുവിടുന്നത് തടയുന്നതിനായും മെഡിക്കൽ/കൗൺസിലിംഗ്/മാനസികാരോഗ്യ ചികിത്സ പോലെയുള്ള ചികിത്സാവിധികളും തൊഴിൽ പരിശീലനവും നൽകണമെന്ന് വിഭാവനം ചെയ്യുന്നു.

ആക്ടിന്റെ സെക്ഷൻ 16 അനുസരിച്ച് സർക്കാർ, തൃശ്ശൂരിലെ നിരീക്ഷണ ഭവനത്തെ സംസ്ഥാനത്തെ നിയമമനുസരിക്കാത്ത കുറ്റവാസനയുള്ള ആൺകുട്ടികളുടെ 'സുരക്ഷിത സ്ഥാനം' ആയി പ്രഖ്യാപിച്ചു (2010 ഒക്ടോബർ). പ്രൊബേഷൻ ഓഫീസർ/കേസ് വർക്കർ, എജ്യൂക്കേറ്റർ, ഡോക്ടർ, കല/കരകൗശല സംഗീത അദ്ധ്യാപകൻ, കായിക-യോഗ പരിശീലകൻ, ഹൗസ് കീപ്പർ (ഒന്നു വീതം) ജീവനക്കാരെ 'സുരക്ഷിത സ്ഥാന'ത്ത് നിയോഗിക്കാനുള്ള സർക്കാർ ഉത്തരവുണ്ടായിട്ടും (2010 ഒക്ടോബർ) ഒരു തസ്തികയിലേയും ഒഴിവ് നികത്തിയില്ല. അതിനുപകരം ദൈനംദിന കാര്യങ്ങൾ നടത്താനായി നിരീക്ഷണ ഭവനത്തിലെ ജീവനക്കാരെ നിയോഗിച്ചു. വിവിധ ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ നിന്ന് 'സുരക്ഷിത സ്ഥാന' ത്തേക്കുമാറ്റിയ 22 കുറ്റവാസനയുള്ള കുട്ടികൾക്ക് (2015 മാർച്ച് വരെ) പരിശീലനം ലഭിച്ചവരുടെ അത്യന്താപേക്ഷിതമായ സേവനം നഷ്ടമായെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

സ്ഥലവാസികളുടെ ആവശ്യത്തിനനുസരിച്ച് ആതുരസേവനത്തിനും മാനസികാരോഗ്യ-സാമൂഹ്യ സേവനത്തിനുമായി ഭാഗിക സേവനം ലഭ്യമാക്കിയിരുന്നതായി സർക്കാർ പ്രസ്താവിച്ചു (2015 സെപ്റ്റംബർ). തൃശ്ശൂരിലെ 'സുരക്ഷിത സ്ഥാന'ത്തിനായുള്ള കെട്ടിടം 2015 ഒക്ടോബറിൽ പൂർത്തിയാകുമ്പോൾ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ മെഡിക്കൽ/കൗൺസിലിംഗ്/മാനസികാരോഗ്യ സംരക്ഷണത്തിനായി നിയോഗിക്കുമെന്നും, ശരിയായ പുനരധിവാസത്തിനും കുറ്റകൃത്യങ്ങളിലേക്കും ചീത്ത കൂട്ടുകെട്ടിലേക്കും വഴുതി വീഴുന്നത് തടയുന്നതിനുമായി തൊഴിൽ പരിശീലനം നൽകുമെന്നും സർക്കാർ പ്രസ്താവിച്ചു

2010 ഒക്ടോബറിലെ ഉത്തരവനുസരിച്ച് ജീവനക്കാരെ നിയോഗിക്കുന്നതിൽ സർക്കാരിന്റെ പരാജയം, അന്തേവാസികൾക്ക് കൗൺസിലിംഗും പുനരധിവാസ സഹായവും നഷ്ടപ്പെടുന്നതിന് കാരണമാകുകയും ആക്ടിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് കുറ്റവാസനയുള്ള കുട്ടികളുടെ സംരക്ഷണത്തിൽ സർക്കാരിന്റെ അനാസ്ഥയും കാരണം ഈ മറുപടി സ്വീകാര്യമല്ല.

**ശിശു കരുതൽ കേന്ദ്രങ്ങളിലെ സേവനത്തിന് ലഭ്യമായ മാനവശേഷിയുടെ കുറവ് (4.4.3.5)**

2014-ലെ സംസ്ഥാന ചട്ടങ്ങളിലെ 82(8) ചട്ടമനുസരിച്ച് ശിശുഭവനം/നിരീക്ഷണ ഭവനം/പ്രത്യേക ഭവനം എന്നിവിടങ്ങളിൽ, ഓരോ തസ്തികയിലും ആവശ്യമായ ജീവനക്കാരുടെ എണ്ണം ആ സ്ഥാപനത്തിന്റെ പ്രാപ്തിക്കനുസരിച്ച് നിശ്ചയിക്കേണ്ടതാണ്. പട്ടികയിൽ കാണിച്ചിരിക്കുന്നതുപോലെ സംസ്ഥാനത്തെ മാനവശേഷിയുടെ കുറവ് 33% മുതൽ 100% വരെയാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

**മാനവശേഷിയുടെ കുറവ്**

| തസ്തികയുടെ പേര് | ശേഷിക്കനുസരിച്ച് ഉണ്ടായിരിക്കേണ്ട തസ്തികകളുടെ എണ്ണം* | അനുവദിച്ച തസ്തികകൾ | മാർച്ച് 2015-ൽ ഉണ്ടായിരുന്ന ആളുകളുടെ എണ്ണം | ശേഷിക്കനുസരിച്ച് കുറവും കുറവിന്റെ ശതമാനവും |
|---|---|---|---|---|
| സൂപ്രണ്ട് | 24 | 21 | 16 | 8 (33 %) |
| പ്രൊബേഷൻ ഓഫീസർ/ കേസ് വർക്കർ/ ശിശുക്ഷേമ ഇൻസ്പെക്ടർ | 58 | 11 | 10 | 48 (82%) |
| കെയർടേക്കർ | 118 | 88 | 82 | 36 (30%) |
| കൗൺസിലർ | 36 | ഇല്ല | ഇല്ല | 36 (100%) |

* തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പണം മുടക്കുന്ന നാല് സ്ഥാപനങ്ങളിലെ തസ്തികകളൊഴിവാക്കി

(ഉറവിടം : വകുപ്പുതല രേഖകൾ)

മുകളിൽ പറഞ്ഞ ജീവനക്കാരുടെ കുറവ് സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, ഐസിപി, നവീകരണം, നിരീക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസവും പുനരധിവാസവും, തുടർനടപടി, കുറ്റവാസനയുള്ള കുട്ടികളുടെ മേൽനോട്ടം, ഭവനങ്ങളുടെ സുരക്ഷയും സംരക്ഷണസംവിധാനങ്ങളും, തുടങ്ങിയ അവശ്യ സേവനങ്ങൾ നൽകുന്നതിനെ ദോഷകരമായി ബാധിച്ചു.

വകുപ്പ് നടത്തുന്ന സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ നികത്താനുള്ള നടപടികൾ ആരംഭിച്ചെന്ന് സർക്കാർ മറുപടി നൽകി (2015 സെപ്റ്റംബർ).

[ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.]

35. തൃശ്ശൂരിലെ നിരീക്ഷണ ഭവനത്തെ 'സുരക്ഷിത സ്ഥാനം'മായി പ്രഖ്യാപിച്ചപ്പോൾ സർക്കാർ ഉത്തരവനുസരിച്ച് ജീവനക്കാരെ നിയോഗിക്കാത്തത് അന്തേവാസികൾക്ക് പുനരധിവാസവും, കൗൺസിലിംഗും നഷ്ടപ്പെടുന്നതിന് കാരണമായി എന്ന എ.ജി.യുടെ പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മറുപടിയായി പുതിയ കെട്ടിടത്തിൽ 'സുരക്ഷിത സ്ഥാനം' പ്രവർത്തിക്കുന്നുണ്ടെന്നും, സൂപ്രണ്ടിന്റെ ഒരു തസ്തിക സൃഷ്ടിക്കുന്നതിനായി സർക്കാരിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

36. 2010 മുതൽ അനുവദിക്കപ്പെട്ടിട്ടുള്ള വിവിധ തസ്തികകൾ നികത്തിയിട്ടുണ്ടോയെന്ന് അക്കൗണ്ടന്റ് ജനറൽ ആരാഞ്ഞതിന് മറുപടിയായി നികത്തിയിട്ടില്ലായെന്ന് സാമൂഹ്യനീതി വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സമിതിയെ അറിയിച്ചു.

37. ഐ.സി.പി.എസ്. ഗൈഡ്‌ലൈൻ പ്രകാരം ഒരു ശിശുഭവനത്തിൽ നിർദ്ദിഷ്ട എണ്ണം ജീവനക്കാർ വേണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൗൺസിലർ, യോഗ, ആർട്സ്, സ്പോർട്ട്സ് എന്നിവയുടെ പരിശീലകർ എന്നീ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടെന്നും ഗൈഡ് ലൈൻ പ്രകാരം 5 വർഷമാണ് കരാർ കാലാവധിയെന്നും സൂപ്രണ്ട്, കെയർടേക്കർമാർ, കുക്ക് എന്നീ തസ്തികകളാണ് പുതുതായി വേണ്ടതെന്നും ഒബ്സർവേഷൻ ഹോമിലെ സൂപ്രണ്ടിനാണ് ഇപ്പോൾ ചാർജ്ജ് കൊടുത്തിരിക്കുന്നതെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

38. തൃശ്ശൂരിലെ സുരക്ഷിത സ്ഥാനമായി പ്രവർത്തനം ആരംഭിച്ച പുതിയ കെട്ടിടത്തിന്റെ നടത്തിപ്പിനായി സൂപ്രണ്ട് അടക്കമുള്ള തസ്തികകൾ സൃഷ്ടിക്കണമെന്നാ

വശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നൽകിയ അപേക്ഷ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ വകുപ്പിനോട് നിർദ്ദേശിക്കുകയും, സൂപ്രണ്ടിന്റെയും, കെയർടേക്കറിന്റെയും തസ്തിക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ശിപാർശ നൽകുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

39. ശിശു കരുതൽ കേന്ദ്രങ്ങളിലെ അനുവദിച്ചിട്ടുള്ള തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ടെന്ന് വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

40. പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടി വകുപ്പിൽ നിന്നും സർക്കാരിലേയ്ക്കയച്ച അപേക്ഷയുടെ വിശദാംശങ്ങൾ സ്റ്റേറ്റ്മെന്റ് രൂപത്തിൽ ലഭ്യമാക്കുവാൻ സമിതി വകുപ്പിനോട് ആവശ്യപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

41. തൃശ്ശൂരിലെ സുരക്ഷിത സ്ഥാനമായി പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച കേന്ദ്രത്തിന്റെ നടത്തിപ്പിനായി സൂപ്രണ്ട് അടക്കമുള്ള തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നൽകിയ അപേക്ഷ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ വകുപ്പിനോട് നിർദ്ദേശിക്കുന്നു. സൂപ്രണ്ടിന്റെയും, കെയർടേക്കറിന്റെയും തസ്തിക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശിപാർശ ചെയ്യുന്നു.

42. ശിശു കരുതൽ കേന്ദ്രങ്ങളിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടി വകുപ്പിൽ നിന്നും സർക്കാരിലേയ്ക്കയച്ച അപേക്ഷയുടെ വിശദാംശങ്ങൾ സ്റ്റേറ്റ്മെന്റ് മാതൃകയിൽ ലഭ്യമാക്കുവാൻ വകുപ്പിനോട് ആവശ്യപ്പെട്ടുവെങ്കിലും വകുപ്പിൽ നിന്നും നാളിതുവരെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത കേന്ദ്രങ്ങളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4.4 മുതൽ 4.4.4.2 വരെ

**പുനരധിവാസവും തിരിച്ചേല്പിക്കലും (4.4.4)**

**കുട്ടിയുള്ള വ്യക്തിഗത പരിചരണ പദ്ധതി (4.4.4.1)**

2007-ലെ ജുവനൈൽ ജസ്റ്റിസ് ചട്ടത്തിലെ ചട്ടം 29(2) അനുസരിച്ച് ഓരോ ശിശുഭവനവും, ശിശുപരിചരണത്തിന് സമഗ്രമായ സമീപനം പ്രോത്സാഹിപ്പിക്കുകയെന്ന പ്രാഥമിക ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു സമ്പൂർണ്ണ ശിശുപരിചരണ കേന്ദ്രമായിരിക്കണം. കൂടാതെ 2007-ലെ ജുവനൈൽ ജസ്റ്റിസ് ചട്ടത്തിന്റെ ചട്ടം 29(3) (എ) അനുസരിച്ച് ഓരോ കുട്ടിയ്ക്കും വ്യക്തിഗത പരിചരണ പദ്ധതി (ഐസിപി) തയ്യാറാക്കേണ്ടതും പിൻതുടരേണ്ടതുമാണ്. പ്രായ/ലിംഗ സംബന്ധമായ ആവശ്യങ്ങളും കുട്ടിയുടെ കേസ് ഹിസ്റ്ററിയും അടിസ്ഥാനമാക്കി കുട്ടിയുടെ സ്വാഭിമാനം, അന്തസ്സ്, ആത്മാഭിമാനം എന്നിവ പുനഃസ്ഥാപിക്കാനും അയാളെ ഒരു ഉത്തരവാദിത്തമുള്ള പൗരനായി വാർത്തെടുക്കാനുമുള്ള സമഗ്രമായ ഒരു വികാസ പദ്ധതിയാണ് ഐ.സി.പി. ഒരു കുട്ടിയുടെ ആരോഗ്യം, വൈകാരികം, വിദ്യാഭ്യാസം, മാനസികാരോഗ്യ സാമൂഹ്യ പുനരധിവാസ ആവശ്യങ്ങൾ എന്നിവ ഈ പദ്ധതിയിൽ പരിഗണിക്കേണ്ടതാണ്. ജുവനൈൽ ജസ്റ്റിസ് ബോർഡ്/ശിശുക്ഷേമ സമിതികൾ ചുമതലപ്പെടുത്തിയ ശിശുക്ഷേമ ഓഫീസറുടെ മേൽനോട്ടത്തിൽ ഇത്തരം കേന്ദ്രങ്ങളിൽ ഐ.സി.പി. തയ്യാറാക്കേണ്ടതാണ്. പരിശോധിച്ച ഒരു സ്ഥാപനത്തിലും ഐ.സി.പി.കൾ തയ്യാറാക്കിയിരുന്നില്ലെന്ന് രേഖകളുടെ ഓഡിറ്റ് പരിശോധനയിൽ വെളിവായി.

ഈ കുറവ് സമ്മതിച്ച അവസരത്തിൽ, വകുപ്പിന്റെ ഓരോ ശിശുക്ഷേമ സ്ഥാപനത്തിലും മുഴുവൻസമയ കൗൺസിലർമാരെ നിയമിക്കാനുള്ള നടപടി എടുത്തിട്ടുണ്ടെന്ന് കേരള സർക്കാർ (2015 സെപ്റ്റംബർ) പ്രസ്താവിച്ചു.

**മാതാപിതാക്കൾ/രക്ഷിതാക്കളുടെ അടുത്തേക്ക് തിരിച്ചയച്ച കുട്ടികളുടെ തുടർ നടപടി പദ്ധതിയുടെ അഭാവം.(4.4.4.2)**

2007-ലെ ജുവനൈൽ ജസ്റ്റിസ് ചട്ടത്തിലെ ചട്ടം 65(8) അനുസരിച്ച് ശിശുക്ഷേമ ഓഫീസർ/പ്രൊബേഷൻ ഓഫീസർ തയ്യാറാക്കുന്ന വ്യക്തിഗത ക്ഷേമപദ്ധതിയുടെ ഭാഗമായി തുടർ നടപടി തയ്യാറാക്കേണ്ടതാണ്. രണ്ടുവർഷ കാലയളവിൽ ത്രൈമാസിക തുടർ നടപടി പദ്ധതി തയ്യാറാക്കി കുട്ടിയെ പുനരധിവസിപ്പിച്ചിരുന്ന സ്ഥാപന മേധാവിക്ക് പകർപ്പ് നൽകുന്നു. സ്ഥാപനത്തിന്റെ മേധാവി, ഈ റിപ്പോർട്ടിന്റെ പകർപ്പ് ജില്ലാ ശിശുസംരക്ഷണ യൂണിറ്റി (ഡിസിപിയു)-ന് അയയ്ക്കുന്നു. ഈ തുടർ നടപടി റിപ്പോർട്ടുകളിൽ കുട്ടിയുടെ പുനരധിവാസത്തിന് ശേഷമുള്ള അവസ്ഥയും കുട്ടിയ്ക്ക് വീണ്ടും വരാവുന്ന ദോഷകരമായ സാഹചര്യം ഒഴിവാക്കാൻ സംസ്ഥാന സർക്കാർ എടുക്കേണ്ട നടപടികളുടെയും വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

2010-2015 കാലയളവിൽ തിരുവനന്തപുരം പ്രത്യേക ഭവനത്തിൽനിന്നും നിയമ വ്യവസ്ഥയുമായി പൊരുത്തപ്പെടാത്ത 20 കുട്ടികളെ അവരുടെ മാതാപിതാക്കൾ/ രക്ഷിതാക്കളുടെ അടുത്തേക്ക് തിരിച്ചയച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു എന്നാൽ ഒരു കേസ്സിലും തുടർനടപടി പദ്ധതി/ത്രൈമാസിക തുടർനടപടി റിപ്പോർട്ടുകൾ തയ്യാറാക്കിയില്ലെന്നത് ശ്രദ്ധയിൽപ്പെട്ടു. തുടർനടപടി പദ്ധതി/റിപ്പോർട്ട് തയ്യാറാക്കുന്നതിലെ പരാജയം കാരണം, കുട്ടിയുടെ ആവശ്യങ്ങളെയും ദൗർബല്യങ്ങളെയും മനസ്സിലാക്കാനും പരിഹരിക്കാനും കഴിഞ്ഞില്ല.

ലീഗൽ കം-പ്രൊബേഷൻ ഓഫീസർമാർക്ക് മേൽനോട്ടത്തിനും, തുടർന്നുള്ള സേവനങ്ങൾക്കും വേണ്ട പരിശീലനം നൽകിയിട്ടുണ്ടെന്നും ശിശുഭവനത്തിലെയും പ്രത്യേക ഭവനത്തിലെയും മുൻ അന്തേവാസികൾക്ക് രണ്ടുവർഷ കാലയളവിലേക്ക് തുടർച്ചാ സേവനങ്ങൾ നൽകാനുള്ള ചുമതലയും നൽകിയിട്ടുണ്ടെന്നും സർക്കാർ പ്രസ്താവിച്ചു (2015 സെപ്റ്റംബർ). മോചനത്തിന് ശേഷമുള്ള കുട്ടികളുടെ അവസ്ഥയെ സംബന്ധിച്ച് നിയമത്തിൽ പറഞ്ഞിരിക്കുന്ന വിധത്തിൽ പ്രൊബേഷൻ ഓഫീസർമാരിൽ നിന്നും ത്രൈമാസിക റിപ്പോർട്ടുകൾ ശേഖരിക്കുമെന്നും ഭവനങ്ങളിൽനിന്ന് പോകുന്ന ഓരോ കുട്ടിയുടെയും തുടർ നടപടിക്ക് ആവശ്യമായത് ചെയ്യുമെന്നും സർക്കാർ പ്രസ്താവിച്ചു

[ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.]

43. വ്യക്തിഗത പരിചരണ പദ്ധതി നടപ്പാക്കുന്നതിന് എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഫുൾടൈം കൗൺസിലർമാരെ നിയമിച്ചിട്ടുണ്ടോയെന്നും മറ്റ് സ്ഥാപനങ്ങളിൽ കൗൺസിലർമാരെ നിയമിക്കുന്നത് വകുപ്പ് തന്നെയാണോയെന്നും ആരാഞ്ഞതിന് സർക്കാരിന്റെ എല്ലാ സ്ഥാപനങ്ങളിലും മുഴുവൻ സമയ കൗൺസിലർമാർ ഉണ്ടെന്നും, മറ്റ് സ്ഥാപനങ്ങളിൽ ആ സ്ഥാപനങ്ങൾ തന്നെയാണ് കൗൺസിലർമാരെ നിയമിക്കുന്നതെന്നും, പ്രസ്തുത നിയമനം സർക്കാർ നിർദ്ദേശമനുസരിച്ച് ഉറപ്പ് വരുത്തുന്നുണ്ടെന്നും വകുപ്പ് ഡയറക്ടർ അറിയിച്ചു

44. പരിശോധനാധികാരം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് പരിശോധനാധികാരം ഉണ്ടെന്നും എല്ലാ ജില്ലയിലും ഓരോ പരിശോധനാ സമിതി രൂപീകരിച്ചിട്ടുണ്ടെന്നും എല്ലാ ശിശു ഭവനങ്ങളും നിരീക്ഷിച്ച ശേഷം ലഭിക്കുന്ന റിപ്പോർട്ടനുസരിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ മറുപടി നൽകി.

45. ചട്ടം അനുസരിച്ച് പ്രവർത്തിക്കാത്ത ഏതെങ്കിലും സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി പരിശോധന ആരംഭഘട്ടത്തിലാണെന്നും 39 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ റിപ്പോർട്ട് ലഭിച്ച 32 സ്ഥാപനങ്ങളിലും എതിരായ അഭിപ്രായങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ലായെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു

46. "മാതാപിതാക്കൾ/രക്ഷിതാക്കളുടെ അടുത്തേക്ക് തിരിച്ചയച്ച കുട്ടികളുടെ തുടർനടപടി പദ്ധതിയുടെ അഭാവം" എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി പ്രത്യേക ഭവനങ്ങളിൽ നിന്നും രക്ഷിതാക്കൾ തിരികെ കൊണ്ടുപോകുന്ന കുട്ടികളെ നിരീക്ഷിക്കുന്നതിനെക്കുറിച്ചും, നിരീക്ഷണാധികാരിയെ കുറിച്ചും ആരാഞ്ഞതിന് മറുപടിയായി 18 മുതൽ 23 വയസ്സുവരെ തുടർ സംരക്ഷണം എന്ന രീതിയിൽ നിരീക്ഷിക്കണമെന്നാണ് നിയമം അനുശാസിക്കുന്നതെന്നും, ഭവനങ്ങളിൽ നിന്നും പോകുന്നവരെ നിരീക്ഷിക്കുന്നത് ജില്ലാ ശിശു സംരക്ഷണ ഓഫീസർ (ഡി.സി.പി.ഒ) ആണെന്നും, അതിനുവേണ്ടി പ്രത്യേക സമിതി ഇല്ലായെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു. നിരീക്ഷണവുമായി ബന്ധപ്പെട്ട് തുടർ റിപ്പോർട്ട് ലഭിക്കാറില്ലായെന്നും അറിയിച്ചു.

47. കുട്ടികളിൽ ലഹരിവസ്തുക്കളുടെ ഉപയോഗം ശ്രദ്ധയിൽപ്പെടുകയോ, മയക്കമരുന്നുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പരാതികളൊന്നും ലഭിച്ചിട്ടില്ലായെന്നും, ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ മറുപടി പറഞ്ഞു.

48. കുട്ടികൾക്കിടയിൽ മയക്കമരുന്നിന്റെ ഉപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അത് അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു കൂടാതെ ശിശു ഭവനങ്ങളിൽ നിന്ന് വീടുകളിലേക്ക് മടങ്ങിപ്പോകുന്ന കുട്ടികളെ നിരീക്ഷിക്കുന്നതിനുവേണ്ടി ഒരു സമിതി രൂപീകരിക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

49. ശിശുഭവനങ്ങൾ നിരീക്ഷിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പരിശോധനാ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് വകുപ്പ് ഉറപ്പ് വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ശിശു ഭവനങ്ങളിൽ നിന്ന് വീടുകളിലേക്ക് മടങ്ങിപ്പോകുന്ന കുട്ടികളെ നിരീക്ഷിക്കുന്നതിനുവേണ്ടി ഒരു സമിതി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പുനരധിവസിക്കപ്പെട്ട കുട്ടികൾ ലഹരി വസ്തുക്കൾക്ക് അടിമപ്പെടുന്നുണ്ടോയെന്ന് പ്രത്യേകം നിരീക്ഷിക്കണമെന്നും ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ അതവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4.4.3 മുതൽ 4.4.4.4 വരെ

**ശിശുഭവനങ്ങളിലെ അന്തേവാസികളുടെ മാനസികാരോഗ്യ സംരക്ഷണ പദ്ധതി (4.4.4.3)**

2007-ലെ ജുവനൈൽ ജസ്റ്റിസ് ചട്ടത്തിലെ ചട്ടം 46(7)-ഉം 2014-ലെ ചട്ടത്തിലെ ചട്ടം 59(7)-ഉം അനുസരിച്ച് ശിശുക്ഷേമ ഓഫീസർ മാനസികാരോഗ്യ വിദഗ്ധരുമായി കൂടിയാലോചിച്ച് ഓരോ കുട്ടിയ്ക്കും ജുവനൈലിനും മാനസികാരോഗ്യ സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതും അവരുടെ ശിപാർശകൾ കേസ്ഫയലിൽ രേഖപ്പെടുത്തേണ്ടതുമാണ്. മാതാപിതാക്കളുടെ നേരിട്ടുള്ള കരുതലും ശ്രദ്ധയും ലഭിക്കാത്ത അന്തരീക്ഷത്തിലാണ് ശിശുഭവനത്തിലെയും പ്രത്യേക ഭവനത്തിലെയും അന്തേവാസികൾ താമസിക്കുന്നത്. അവരിൽ ചിലർക്ക് അവരുടെ ജീവിതത്തിൽ നിഷേധാത്മകമായ അനുഭവങ്ങൾ ഉണ്ടായിരുന്നിരിക്കാം. കുട്ടികളുടെ മാനസികാരോഗ്യം, വിദ്യാഭ്യാസം, നൈപുണ്യവികസനം, സംരക്ഷണം തുടങ്ങിയ മേഖലകളിലെ വൈകാരികവും പ്രത്യേകവുമായ ആവശ്യങ്ങൾ പരിഹരിക്കാൻ ഒരു മാനസികാരോഗ്യ പദ്ധതി തയ്യാറാക്കേണ്ടത് വളരെ അത്യാവശ്യമാണ്.

പരിശോധിച്ച നാല് ജില്ലകളിലെ ശിശുഭവനങ്ങളിൽ നിന്നും റാൻഡം ആയി തെരഞ്ഞെടുത്ത 376 കേസ് ഫയലുകളിൽ, 2010-2015 കാലയളവിൽ 2007-ലെ ജുവനൈൽ ജസ്റ്റിസ് ചട്ടത്തിൽ പറഞ്ഞിരിക്കുന്ന പോലെയുള്ള മാനസികാരോഗ്യ പദ്ധതി തയ്യാറാക്കുകയോ, പ്രത്യേക മനോരോഗ വിദഗ്ധൻ/ മന:ശാസ്ത്രജ്ഞന്റെ സേവനം മാനസികാരോഗ്യ സംരക്ഷണ പദ്ധതിക്ക് ലഭ്യമാക്കുകയോ ചെയ്തില്ല. കുട്ടികൾക്ക് മാനസികാരോഗ്യ പദ്ധതി തയ്യാറാക്കാത്തത് 2007-ലെ ജുവനൈൽ ജസ്റ്റിസ് ചട്ടത്തിലെ 46-ാം ചട്ടത്തിലും 2014-ലെ സംസ്ഥാന ചട്ടത്തിലെ 59-ാം ചട്ടത്തിലും പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങൾ നേടാനാവാത്തതിന് കാരണമായി.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ (ഡി.സി.പി.ഒ.) ഓരോ ജില്ലയിലും മന:ശാസ്ത്രജ്ഞൻമാരുടെയും മനോരോഗ വിദഗ്ധരുടെയും ഒരു പാനൽ തയ്യാറാക്കി, ശിശു ഭവനത്തിലെയും പ്രത്യേക ഭവനത്തിലെയും കുട്ടികളുടെ മാനസികാരോഗ്യ പദ്ധതിയും തുടർ നടപടി പദ്ധതി സേവനങ്ങളും തയ്യാറാക്കാൻ അവരുടെ സേവനം ഉപയോഗപ്പെടുത്തുമെന്നും സർക്കാർ പ്രസ്താവിച്ചു (2015 സെപ്റ്റംബർ). 2015 ഒക്ടോബറിന് മുമ്പ് ഓരോ ഭവനത്തിലും കുട്ടിയെ അവന്റെ തിക്താനുഭവങ്ങൾ അതിജീവിച്ച് വളരാനും വ്യക്തിപരമായും കൂട്ടമായുമുള്ള ചികിത്സയ്ക്കും കൗൺസിലിംഗിനുമായുള്ള ഒരു നല്ല അന്തരീക്ഷം സൃഷ്ടിക്കാനുമായി ഒരു പരിചയസമ്പന്നനായ കൗൺസിലറെ നിയമിക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞതായി സർക്കാർ പ്രസ്താവിച്ചു.

**മാനസികരോഗ്യമുള്ള കുട്ടികൾക്ക് ചികിത്സ നിഷേധിക്കൽ (4.4.4.4)**

ആക്ടിനനുസരിച്ച് ഒരു സ്ഥാപനത്തിൽ താമസിപ്പിച്ചിരിക്കുന്ന കുട്ടിക്കോ ജുവനൈലിനോ മാനസികാസ്വാസ്ഥ്യം[9] ഉണ്ടെന്ന് തോന്നിയാൽ ആക്ടിന്റെ സെക്ഷൻ 58 അനുസരിച്ച് അധികാരിക്ക് കുട്ടിയെ ഒരു മാനസിക രോഗാശുപത്രിയിലേക്ക് മാറ്റാവുന്നതാണ്. 2010-2015 കാലയളവിൽ വിവിധ ശിശുക്ഷേമ സമിതികൾ 10 മാനസികരോഗമുള്ള കുട്ടികളെ കോഴിക്കോട് ഹോം ഫോർ മെന്റലി ഡിസേബിൾഡ് ചിൽഡ്രനിലേക്ക് (എച്ച്.എം.ഡി.സി.) ചികിത്സയ്ക്കായി അയച്ചു.

എച്ച്.എം.ഡി.സി. ബുദ്ധിമാന്ദ്യമുള്ള[10] കുട്ടികളെ ചികിത്സിക്കാനും സംരക്ഷിക്കാനും ഉദ്ദേശിച്ചുള്ളതായതിനാൽ മാനസികരോഗമുള്ള കുട്ടികളെ കൈകാര്യം ചെയ്യാൻ പരിശീലനം ലഭിച്ച ജീവനക്കാരോ സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. മാനസിക രോഗമുള്ളവരെ ചികിത്സിക്കാനുള്ള സൗകര്യങ്ങളുണ്ടായിരുന്നില്ലെന്നും ബുദ്ധിമാന്ദ്യമുള്ള കേസ്സുകൾ കൈകാര്യം ചെയ്യാൻ മാത്രമേ സൗകര്യമുണ്ടായിരുന്നുള്ളുവെന്നും എച്ച്.എം.ഡി.സി. സമ്മതിച്ചു (2015 ജൂൺ). ബുദ്ധിമാന്ദ്യമുള്ളവരും മാനസിക രോഗമുള്ളവരും രണ്ട് വ്യത്യസ്ത തരം ആൾക്കാരായതിനാൽ രണ്ട് വിഭാഗത്തിനും നൽകേണ്ട ചികിത്സയും വ്യത്യസ്തമാണ്. മാനസികരോഗമുള്ള കുട്ടികളെ അവർക്ക് ചികിത്സ നൽകാനും ശ്രദ്ധിക്കാനും സൗകര്യമില്ലാത്ത ഒരു സ്ഥാപനത്തിൽ പാർപ്പിക്കുന്നത് ഭവനത്തിലെ ബുദ്ധിമാന്ദ്യമുള്ള അന്തേവാസികൾക്ക് കഠിനമായ ബുദ്ധിമുട്ടിന് ഇടയാക്കും.

മുകളിൽ പറഞ്ഞ മാനസികരോഗമുള്ള കുട്ടികൾ യഥാർത്ഥത്തിൽ മാനസികരോഗം ഭേദമായ കുട്ടികളായിരുന്നെന്ന് സർക്കാർ മറുപടി നൽകി (2015 സെപ്റ്റംബർ). കൂടാതെ ഇത് ശിശുക്ഷേമസമിതികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടെന്നും മാനസിക രോഗമുള്ള കുട്ടികളെ എച്ച്.എം.ഡി.സി.-യിലേക്ക് അയയ്ക്കരുതെന്ന് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും പ്രസ്താവിച്ചു.

എച്ച്.എം.ഡി.സി.-യിലെ രേഖകൾ പ്രകാരം മുകളിൽ പറഞ്ഞ പത്ത് കുട്ടികളിൽ മൂന്നുപേരെ പിന്നീട് കോഴിക്കോട് മാനസികരോഗാശുപത്രിയിലേക്ക് അയച്ചതായി കണ്ടതിനാൽ സർക്കാരിന്റെ മറുപടി വാസ്തവവിരുദ്ധമാണ്. കൂടാതെ ശിശുക്ഷേമ സമിതിയോട് അങ്ങനെയുള്ള കുട്ടികളെ എച്ച്.എം.ഡി.സി.-യിലേക്ക് അയയ്ക്കരുതെന്ന് സർക്കാർ നിർദ്ദേശം നൽകിയത് സൂചിപ്പിക്കുന്നത് ശിശുക്ഷേമസമിതിക്ക് കുട്ടികളെ അയയ്ക്കുന്നതിൽ തെറ്റ് പറ്റി എന്നാണ്.

---

9 വ്യത്യസ്ത സാഹചര്യങ്ങളാലും മസ്തിഷ്കത്തിന്റെ അസുഖം കാരണവും സാധാരണയായി ജനനത്തിനുശേഷം മാനസിക രോഗം ഉണ്ടാകുന്നു. ഇതിനെ ശരിയായ മരുന്നിലൂടെ സുഖപ്പെടുത്താൻ കഴിയും. മാനസികരോഗം ഹ്രസ്വകാലത്തേക്കുള്ളതാണ്.

10 ബുദ്ധിമാന്ദ്യം എന്ന അവസ്ഥ ജന്മനാ ഉള്ളതും മരുന്നിലൂടെയോ ചികിത്സയിലൂടെയോ ഈ അവസ്ഥ മെച്ചപ്പെടുത്താൻ കഴിയുന്നതുമല്ല. ബുദ്ധിമാന്ദ്യം ആജീവനാന്തമുള്ളതാണ്.

[ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.]

50. സമിതി ശിശുഭവനങ്ങളിലെ അന്തേവാസികളുടെ മാനസികാരോഗ്യ പദ്ധതിയെക്കുറിച്ച് ആരാഞ്ഞതിന് എല്ലാ ശിശു ഭവനങ്ങളിലും കൗൺസിലർമാർക്ക് പുറമെ മനോരോഗവിദഗ്ധരുടെ ഒരു പാനലിനെ നിയമിച്ചിട്ടുണ്ടെന്നും ആഴ്ചയിൽ രണ്ടുദിവസം അവരുടെ സേവനം ലഭ്യമാകുന്നുണ്ടെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു കൂടാതെ മാനസിക വൈകല്യമുള്ളവരാണെങ്കിൽപോലും വരുന്ന എല്ലാ കുട്ടികളെയും നിലവിൽ ഒരേ ഭവനത്തിലേയ്ക്കാണ് അയയ്ക്കുന്നതെന്നും, ഇത്തരത്തിൽ പ്രശ്നങ്ങളുള്ള കുട്ടികളെ പുതിയ ഒരു എൻട്രി ഹോമിലാക്കി ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു

51. ഗുരുതരമായ മാനസിക അസുഖമുള്ള കുട്ടികളെ ചികിത്സിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് ആരാഞ്ഞതിന് ഗുരുതരമായ അസുഖമുള്ള കുട്ടികളെ ബാംഗ്ലൂർ നിംഹാൻസിൽ കൊണ്ടുപോയി ചികിത്സിക്കാറുണ്ടെന്നും 'കാവൽ' എന്ന പുതിയ പദ്ധതിയ്ക്കുവേണ്ടി നിംഹാൻസുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ടെന്നും, ഈ പദ്ധതി പതിനാല് ജില്ലകളിലും ആരംഭിച്ചിട്ടുണ്ടെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു

52 ശിശുഭവനങ്ങളിലെ നന്നായി പഠിക്കുന്ന കുട്ടികളെ കണ്ടെത്തി അവരുടെ തുടർപഠനത്തിനായി 'തേജോമയ ഹോം' എന്ന പേരിൽ നിർഭയയുടെ കീഴിൽ പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും, എറണാകുളം ജില്ലാ പഞ്ചായത്തിന്റെ ഒരു കെട്ടിടം ഇതിനായി കണ്ടെത്തിയിട്ടുണ്ടെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു

53. മനോവൈകല്യമുള്ള കുട്ടികളുൾപ്പെടെ എല്ലാ കുട്ടികളും ഒരുമിച്ചാണ് താമസിക്കുന്നതെന്നും സമർത്ഥരായ കുട്ടികളെ മാറ്റി അവർക്കുവേണ്ടി പഠന സൗകര്യം ഒരുക്കുന്ന പദ്ധതിയാണ് തേജോമയ ഹോം എന്നും അതിനാവശ്യമായ തസ്തിക അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും, 18 വയസ്സ് കഴിഞ്ഞ കുട്ടികൾക്ക് തുടർ സംരക്ഷണം എന്ന രീതിയിൽ സംയോജിത ശിശു സംരക്ഷണം (ഇന്റഗ്രേറ്റഡ് ചൈൽഡ് കെയർ) എന്ന പദ്ധതി ആരംഭിക്കുന്നുണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു

54. മനോരോഗ വൈകല്യമുള്ള കുട്ടികൾ ഉൾപ്പെടെ എല്ലാ കുട്ടികളും ഒരുമിച്ചു താമസിക്കുന്ന രീതി ശരിയല്ലെന്ന് അഭിപ്രായപ്പെട്ട സമിതി മനോവൈകല്യമുള്ള കുട്ടികളെ പ്രത്യേകമായി ഒരു ഭവനത്തിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

55. മനോവൈകല്യമുള്ള കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം താമസിപ്പിക്കുന്ന രീതി ശരിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. മനോവൈകല്യമുള്ള കുട്ടികളെ പ്രത്യേകമായി ഒരു ഭവനത്തിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4.4.5.]

## നിയമവ്യവസ്ഥയുമായി പൊരുത്തപ്പെടാത്ത കുട്ടികളെ പ്രൊബേഷനിൽ വിടുന്നത് (4.4.4.5)

2007-ലെ ജുവനൈൽ ജസ്റ്റിസ് ചട്ടങ്ങളിലെ ചട്ടം 15(8)-ൽ പറഞ്ഞിരിക്കുന്നത് നിയമ വ്യവസ്ഥയുമായി പൊരുത്തപ്പെടാത്ത കുട്ടികളെ ജുവനൈൽ ജസ്റ്റിസ് ബോർഡ് പ്രൊബേഷനിൽ മാതാപിതാക്കളുടെയോ രക്ഷിതാക്കളുടെയോ അനുയോജ്യമായ ആൾക്കാരുടെയോ അടുത്തേയ്ക്കയയ്ക്കുമ്പോൾ ഒരു പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ കുട്ടിയെ നിർത്തണമെന്ന് ജുവനൈൽ ജസ്റ്റിസ് ബോർഡ് ഉത്തരവ് നൽകണം. നിരീക്ഷണ കാലാവധി പരമാവധി മൂന്ന് വർഷമാണ്. കൂടാതെ 2007-ലെ ജുവനൈൽ ജസ്റ്റിസ് ചട്ടത്തിലെ ചട്ടം 87(കെ) അനുസരിച്ച് പ്രൊബേഷൻ ഓഫീസറുടെ കർത്തവ്യങ്ങളിൽ അയാളുടെ നിരീക്ഷണത്തിലുള്ള കുട്ടിയുടെയോ ജുവനൈലിന്റെയോ താമസസ്ഥലം/ജോലിസ്ഥലം/സ്കൂൾ പതിവായി സന്ദർശിച്ച് ദ്വൈവാരിക റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതാണ്.

2010-2015 കാലയളവിൽ, പരിശോധിച്ച നാല് ജില്ലകളിലായി നിയമ വ്യവസ്ഥയുമായി പൊരുത്തപ്പെടാത്ത 279 കുട്ടികളെ പ്രൊബേഷനിൽ നിരീക്ഷണ വിധേയമായി മോചിപ്പിച്ചിരുന്നു. എന്നാൽ ഓഡിറ്റിനു ലഭ്യമാക്കിയ രേഖകളിൽ പ്രൊബേഷൻ ഓഫീസർ അയാളിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ നടത്തിയതായി ഒരു തെളിവുമുണ്ടായിരുന്നില്ല അതായത് ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ നിയമ വ്യവസ്ഥയുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ പുരോഗതി റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ജില്ലാ പ്രൊബേഷൻ അധികാരികൾ പരാജയപ്പെട്ടു. പ്രൊബേഷൻ ഓഫീസർ അത്തരം റിപ്പോർട്ടുകളൊന്നും തയ്യാറാക്കാത്തതിനാൽ പ്രൊബേഷൻ കാലത്ത് കുട്ടികളും അവരുടെ രക്ഷിതാക്കളും പ്രൊബേഷന്റെ നിബന്ധനകൾ പാലിച്ചിരുന്നോ എന്ന് ഓഡിറ്റിന് തീർച്ചപ്പെടുത്താൻ കഴിഞ്ഞില്ല.

ജില്ലാ പ്രൊബേഷൻ ഓഫീസർ ആവശ്യമായ റിപ്പോർട്ട് അയച്ചില്ലെന്ന് തിരുവനന്തപുരം ജുവനൈൽ ജസ്റ്റിസ് ബോർഡ് സമ്മതിച്ചു (2015 ജൂലൈ). അധിക

ജോലിഭാരത്താലും ഒരു പ്രൊബേഷൻ ഓഫീസർ ജില്ലാ ശിശുക്ഷേമ സംരക്ഷണ ഓഫീസർ ആയി സ്ഥലം മാറി പോയതിനാലും മേൽനോട്ട സന്ദർശനങ്ങൾ നടത്താനായില്ലെന്ന് ആലപ്പുഴ ജില്ലാ പ്രൊബേഷൻ ഓഫീസർ പ്രസ്താവിച്ചു. അധിക ജോലിഭാരം കാരണവും ജില്ലയിൽ ഒരു പ്രൊബേഷൻ ഓഫീസർ മാത്രമേയുള്ളൂ എന്നതിനാലും പുരോഗതി റിപ്പോർട്ടുകൾ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് തൃശ്ശൂർ, കോഴിക്കോട് ജില്ലാ പ്രൊബേഷൻ ഓഫീസർമാർ പ്രസ്താവിച്ചു.

ജുവനൈൽ ജസ്റ്റിസ് ആക്ട് സെക്ഷൻ 15(ഇ) പ്രകാരം, എല്ലാ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളിലും പ്രൊബേഷനിൽ വിട്ടയച്ച കുട്ടികളുടെ നല്ലനടപ്പ് അവലോകനം ചെയ്യുന്നതിന് ലീഗൽ-കം-പ്രൊബേഷൻ ഓഫീസർമാരെ നിയമിച്ചതായി സർക്കാർ പ്രസ്താവിച്ചു (2015 സെപ്റ്റംബർ). കുട്ടികളുടെ നിരീക്ഷണം നടത്തുന്നതും ജുവനൈൽ ജസ്റ്റിസ് ബോർഡിന് റിപ്പോർട്ടുകൾ കൃത്യമായി സമർപ്പിക്കുന്നതും വകുപ്പ് ഉറപ്പുവരുത്തണമെന്ന് സർക്കാർ പ്രസ്താവിച്ചു.

[ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.]

56. നിയമ വ്യവസ്ഥയുമായി പൊരുത്തപ്പെടാത്ത കുട്ടികളെ മാതാപിതാക്കളുടെയോ രക്ഷിതാക്കളുടെയോ അനുയോജ്യരായ ആൾക്കാരുടെയോ അടുത്തേയ്ക്ക് പ്രൊബേഷനിൽ വിടുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മറുപടിയായി വനിതാ ശിശുവികസന വകുപ്പ്, നിംഹാൻസുമായി ചേർന്ന് നിയമവ്യവസ്ഥയുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സംരക്ഷണത്തിനുവേണ്ടി 'കാവൽ' എന്ന ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും, പതിനാല് ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കികഴിഞ്ഞുവെന്നും എല്ലാ ജില്ലകളിലും രണ്ട് എൻ.ജി.ഒ.-മാർ 'കാവൽ' പദ്ധതിയുടെ പ്രവർത്തനത്തിനായുണ്ടെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു. ഏകദേശം 1056 കുട്ടികൾ ഈ പദ്ധതിയുടെ പ്രവർത്തന പരിധിയിൽ വരുന്നുണ്ടെന്നും അവരുടെ എല്ലാ തുടർ നിരീക്ഷണങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ടെന്നും ഡയറക്ടർ വ്യക്തമാക്കി.

57. എല്ലാ ജില്ലകളിലും ലീഗൽ-കം-പ്രൊബേഷൻ ഓഫീസറെ നിയമിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് എല്ലാ ജില്ലകളിലും ലീഗൽ-കം-പ്രൊബേഷൻ ഓഫീസറെ നിയമിച്ചിട്ടുണ്ടെന്നും എൽ.എൽ.ബി. പാസ്സായവരെയാണ് ലീഗൽ-കം-പ്രൊബേഷൻ ഓഫീസറായി നിയമിക്കുന്നതെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

58. പരാമർശമില്ല.

[കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4.5]

**അന്വേഷണങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസം (4.4.5)**

ജുവനൈൽ ജസ്റ്റിസ് ചട്ടം 2007-ലെ ചട്ടം 28-ഉം സംസ്ഥാന ചട്ടങ്ങൾ 2014-ലെ ചട്ടം 32-ഉം അനുസരിച്ച് ഒരു കുട്ടിയെ ശിശു സംരക്ഷണ സമിതിയുടെ മുന്നിലേക്ക് കൊണ്ടുവരുന്നതിനുമുമ്പ് ശിശു സംരക്ഷണ സമിതി നിയോഗിക്കുന്ന ഒരു ഉദ്യോഗസ്ഥൻ നാല് മാസത്തിനകം ഒരു അന്വേഷണം നടത്തുകയും മതിയായ വിവരങ്ങൾ ശേഖരിച്ച് കുട്ടിയുടെ സമഗ്രവികസന പദ്ധതി തയ്യാറാക്കുകയും അനുയോജ്യമായ ഒരു പുനരധിവാസ പദ്ധതി വികസിപ്പിച്ചെടുക്കുകയും വേണം. അന്വേഷണം പൂർത്തിയാക്കുമ്പോൾ കുട്ടിയെ അതിന്റെ കുടുംബത്തിൽ തിരികെ അയയ്ക്കണോ ഭവനത്തിൽ തന്നെ തുടരണോ എന്ന തീരുമാനമെടുക്കേണ്ടതാണ്.

2015 മാർച്ചിൽ ആലപ്പുഴയിലെ 387 കേസുകളിൽ 137-ഉം (35 ശതമാനം), കോഴിക്കോട് 99 കേസുകളിൽ 58-ഉം (59 ശതമാനം) ശിശുക്ഷേമ സമിതിയുടെ പക്കൽ അന്വേഷണം പൂർത്തിയാകാതെയിരിക്കുന്നു. അതിൽ ആലപ്പുഴയിലെ 17 കേസുകളും കോഴിക്കോടിലെ 13 കേസുകളും 2010-2013 മുതൽ അനിശ്ചിതമായി തുടരുന്നു. അങ്ങനെ, അന്വേഷണം പൂർത്തിയാക്കുന്നതിലുണ്ടായ കാലതാമസം കുട്ടിയെ സ്ഥാപനത്തിന്റെ സേവനത്തോടു കൂടിയോ അല്ലാതെയോ ഗൃഹാന്തരീക്ഷത്തിൽ പുനരധിവാസം നടത്തണമോ അതോ അവന്റെ മാതാപിതാക്കൾ/ രക്ഷാകർത്താവിനോട് കൂടി തിരികെ അയയ്ക്കണമോ എന്ന് തീരുമാനിക്കുന്നതിൽ കാലതാമസമുണ്ടാക്കി. ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ പൂർണ്ണമായി പ്രവർത്തനനിരതമായെന്നും അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുന്ന പരിപാടി സുസംഘടിതമാക്കിയെന്നും സർക്കാർ പ്രസ്താവിച്ചു (2015 സെപ്റ്റംബർ). അന്വേഷണം നടത്തി ശിശുക്ഷേമ സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കാനുള്ള ഉത്തരവാദിത്വം ജില്ലാ ശിശുക്ഷേമ സംരക്ഷണ യൂണിറ്റിലെ പ്രൊബേഷൻ ഓഫീസറേയും സാമൂഹ്യ പ്രവർത്തകനെയും ഏൽപ്പിക്കുകയും, ജില്ലാ ശിശു സംരക്ഷണ ഓഫീസറെ യഥാസമയമുള്ള മേൽനോട്ടത്തിനും റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ സമയനിഷ്ഠ നിരീക്ഷിക്കുന്നതിനും നിയോഗിച്ചതായും പ്രസ്താവിച്ചു.

[ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.]

59. "അന്വേഷണങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസം" എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി ശിശുസംരക്ഷണ സമിതിയിലേയ്ക്ക് കുട്ടികളെ

കൊണ്ടുവരുന്നതിനുമുമ്പ് നടത്തേണ്ട അന്വേഷണങ്ങൾ പൂർത്തിയാക്കുന്നതിൽ ഇപ്പോൾ കാലതാമസം വരാറുണ്ടോയെന്ന് ആരാഞ്ഞതിന് ഇപ്പോൾ ഡി.സി.പി.ഒ. വഴി അന്വേഷണം നടത്തുന്നുണ്ടെന്നും സി.ഡബ്ല്യു.സി.-യുടെ കേസ് ഹൈക്കോടതിയിൽ തീർപ്പുകൽപ്പിക്കാതിരുന്നതിനാൽ സി.ഡബ്ല്യു.സി. നിയമനങ്ങൾ ഒന്നും നടന്നിരുന്നില്ലായെന്നും സി.ഡബ്ല്യു.സി. പ്രവർത്തനക്ഷമമല്ലായിരുന്നുവെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. സി.ഡബ്ല്യു.സി. സംബന്ധിച്ച കേസ് ഹൈക്കോടതി തീർപ്പാക്കിയതിനാൽ നിയമനപ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണെന്നും ചില സ്ഥലങ്ങളിൽ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതിനാൽ ഉദ്യോഗസ്ഥർക്ക് ചാർജ് നൽകുകയാണെന്നും തുടർന്ന് ഡയറക്ടർ അറിയിച്ചു.

60. ശിശു സംരക്ഷണ സമിതി മുമ്പാകെ എത്തുന്ന കുട്ടികളെ സംബന്ധിച്ച് വിവരശേഖരണം നടത്തുന്നതിന്റെ ഭാഗമായുള്ള അന്വേഷണങ്ങളിൽ എത്ര അന്വേഷണങ്ങൾ ഇനിയും പൂർത്തിയാകാനുണ്ട്; അന്വേഷണങ്ങൾക്കുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

61. സി.ഡബ്ല്യു.സി.കൾ പുനഃസംഘടിപ്പിക്കുന്നതിനും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. ശിശു സംരക്ഷണ സമിതി മുമ്പാകെ എത്തുന്ന കുട്ടികളെ സംബന്ധിച്ച് വിവരശേഖരണം നടത്തുന്നതിന്റെ ഭാഗമായുള്ള അന്വേഷണങ്ങളിൽ എത്ര എണ്ണം ഇനിയും പൂർത്തിയാകാനുണ്ട് ; അന്വേഷണങ്ങൾക്കുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ വകുപ്പിനോട് സമിതി നിർദ്ദേശിച്ചുവെങ്കിലും നാളിതുവരെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. അടിയന്തര പ്രാധാന്യമുള്ള ഇത്തരം കാര്യങ്ങളിൽ വകുപ്പിന്റെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടാകാതെ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

[കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4.6]

## സ്ഥാപനങ്ങളുടെ യോഗ്യത (4.4.6)

ജുവനൈൽ ജസ്റ്റിസ് ചട്ടം 2007-ലെ ഭാഗം 69(2) പറയുന്നത്, കരുതലും സംരക്ഷണവും ആവശ്യമുള്ള ഒരു കുട്ടിയേയോ ജുവനൈലിനെയോ താൽക്കാലികമായി

സ്വീകരിക്കാൻ ഒരു ഉചിതമായ സ്ഥലത്തിന്റെയോ സ്ഥാപനത്തിന്റെയോ മാനേജർ തയ്യാറായാൽ ഒരു അർഹതപ്പെട്ട അധികാരിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിന് 'യോഗ്യമായ സ്ഥല'മായി പരിഗണിക്കാവുന്നതാണ്.

എന്നാൽ സർക്കാർ നടത്തുന്ന ഒരു ഭവനവും കേരള സർക്കാരിൽ നിന്നും ഫിറ്റ്നെസ് സാക്ഷ്യപത്രം നേടിയിട്ടില്ല. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള എല്ലാ ജുവനൈൽ ജസ്റ്റിസ് ഭവനങ്ങളെയും സംരക്ഷണവും കരുതലുമാവശ്യമുള്ള കുട്ടികളെയും കുറ്റവാസനയുള്ള കുട്ടികളെയും സ്വീകരിക്കാൻ യോഗ്യമായ സ്ഥലമെന്ന് പ്രഖ്യാപിക്കാനുള്ള നടപടിയെടുക്കുമെന്ന് കേരള സർക്കാർ മറുപടി നൽകി (2015 സെപ്റ്റംബർ).

ഭവനങ്ങൾക്ക് ശിശുക്ഷേമ സമിതിയിലേക്ക് ഫിറ്റ്നെസ് സാക്ഷ്യപത്രം ലഭിക്കുന്നതിനുവേണ്ടി അപേക്ഷിക്കാൻ വേണ്ട നിർദ്ദേശം കേരള സർക്കാർ ഇതുവരെയും നൽകാത്തതിനാൽ കേരള സർക്കാരിന്റെ മറുപടി അംഗീകരിക്കത്തക്കതല്ല. അംഗീകാരത്തിനുവേണ്ട അപേക്ഷയുടെ അഭാവത്തിൽ ശിശുക്ഷേമ സമിതികൾക്ക് ഒരു സ്ഥാപനത്തെയും 'യോഗ്യ'മാണെന്ന് കേരള സർക്കാരിലേക്ക് ശിപാർശ ചെയ്യാൻ കഴിഞ്ഞില്ല. ഭവനങ്ങൾക്ക് ഫിറ്റ്നസ് സാക്ഷ്യപത്രം ലഭിക്കുന്നതിലുണ്ടായ പരാജയം മൂലം, കുട്ടികളെ സ്വീകരിക്കുന്നതിലും അവർക്ക് കരുതലിന്റെയും സംരക്ഷണത്തിന്റെയും അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിലും, കുട്ടികൾ ക്രൂരതയ്ക്കും അവഗണനയ്ക്കും ചൂഷണത്തിനും ഇരയാവുന്നത് തടയുന്നതിനും, ജുവനൈൽ ജസ്റ്റിസ് ആക്റ്റിൽ പറഞ്ഞിരിക്കുന്ന മറ്റ് സംരക്ഷണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിലും ഭവനങ്ങളുടെ പ്രാപ്തി തിട്ടപ്പെടുത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടു.

[ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.]

62. "സ്ഥാപനങ്ങളുടെ യോഗ്യത" എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി സ്ഥാപനങ്ങളുടെ യോഗ്യതാ സർട്ടിഫിക്കറ്റിനെക്കുറിച്ചുള്ള ഓഡിറ്റ് ഖണ്ഡികയ്ക്ക് വകുപ്പ് നൽകിയ മറുപടി വ്യക്തമല്ലായെന്ന് അഭിപ്രായപ്പെട്ടു. ഫിറ്റ് അല്ലാത്ത സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകാറില്ലെന്നും രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിൽ പ്രസക്തിയില്ലെന്നും രജിസ്ട്രേഷൻ ലഭിച്ചുകഴിഞ്ഞാൽ സ്ഥാപനത്തിന് പ്രവർത്തിക്കാൻ കഴിയുമെന്നും സമിതി അഭിപ്രായപ്പെട്ടു. താൽക്കാലിക സ്ഥാപനങ്ങളെയാണോ കേന്ദ്ര ആക്റ്റിൽ ഉദ്ദേശിക്കുന്നതെന്ന് പരിശോധിക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിച്ചു. സ്ഥാപനങ്ങളുടെ യോഗ്യതാ സർട്ടിഫിക്കറ്റ് സംബന്ധിച്ച് നിയമപ്രകാരമുള്ള ശരിയായ വിവരങ്ങൾ ഉൾപ്പെടുന്ന വ്യക്തമായ വിശദീകരണം അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

63. ജെ.ജെ. ആക്ടിൽ പ്രതിപാദിച്ചിട്ടുള്ളതിന്റെ 'യഥാർത്ഥ ഉദ്ദേശ്യം എന്താണെന്ന് മനസ്സിലാക്കി യോഗ്യതാ സർട്ടിഫിക്കറ്റും രജിസ്ട്രേഷനും നൽകേണ്ടതാർക്കൊക്കെ യാണെന്നും ഇവരണ്ടും തമ്മിലുള്ള വ്യത്യാസമെന്താണെന്ന് തീരുമാനിക്കണമെന്നും എന്തെങ്കിലും സംശയമുണ്ടെങ്കിൽ നിയമ വകുപ്പിനോട് ആരാഞ്ഞ് വ്യക്തതവരുത്തി കൃത്യമായ മറുപടി സമിതിയ്ക്ക് അടിയന്തരമായി ലഭ്യമാക്കാനും സമിതി നിർദ്ദേശിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

64. ജെ.ജെ. ചട്ടങ്ങളിൽ പറയുന്ന പ്രകാരം യോഗ്യതയുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ രജിസ്ട്രേഷൻ നൽകേണ്ടതുള്ളൂയെന്നും രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിൽ പ്രസക്തിയില്ലെന്നും സമിതി അഭിപ്രായപ്പെട്ടു സ്ഥാപനങ്ങളുടെ യോഗ്യത സംബന്ധിച്ച് ജെ.ജെ. ആക്ടിൽ പ്രതിപാദിച്ചിട്ടുള്ളതിന്റെ യഥാർത്ഥ ഉദ്ദേശ്യം എന്താണെന്ന് മനസ്സിലാക്കി യോഗ്യതാ സർട്ടിഫിക്കറ്റും രജിസ്ട്രേഷനും നൽകേണ്ടതാർക്കൊക്കെയാണെന്നും ഇവരണ്ടും തമ്മിലുള്ള വ്യത്യാസമെന്താണെന്ന് തീരുമാനിക്കണമെന്നും എന്തെങ്കിലും സംശയമുണ്ടെങ്കിൽ നിയമ വകുപ്പിനോട് ആരാഞ്ഞ് വ്യക്തതവരുത്തി ആയത് സംബന്ധിച്ച നടപടി സ്വീകരിക്കണമെന്നും സമിതി വകുപ്പിനോട് നിർദ്ദേശിക്കുന്നു.

[കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4.7 മുതൽ 4.4.9 വരെ.]

**ഭവനങ്ങളുടെ സംരക്ഷണത്തിന്റെ നിലവാരം (4.4.7)**

**ഭൗതിക സാഹചര്യങ്ങൾ (4.4.7.1)**

2007-ലെ ജുവനൈൽ ജസ്റ്റിസ് ചട്ടത്തിന്റെ ചട്ടം 40-ൽ ശിശുസംരക്ഷണ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ട ഏറ്റവും കുറഞ്ഞ നിലവാരത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. പരിശോധിച്ച ശിശുഭവനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ജുവനൈൽ ജസ്റ്റിസ് നിയമം 2007-ൽ പ്രതിപാദിച്ചതുമായി യോജിക്കുന്നില്ലെന്ന് ഓഡിറ്റ് കണ്ടെത്തിയത് **അനുബന്ധം-III**-ൽ കാണിച്ചിരിക്കുന്നു.

നൂറനാട് ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത നൂറനാട് ശിശുഭവനത്തിൽ 2015 മാർച്ചിൽ, 5 മുതൽ 12 വയസ്സുവരെയുള്ള 47 കുട്ടികളെ പാർപ്പിച്ചിരുന്നു. ഭവനത്തിൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ 50 ആൺകുട്ടികളെയും പെൺകുട്ടികളെയും പാർപ്പിക്കാൻ ഡോർമിറ്ററിയിൽ നിയമാനുസൃതം ആവശ്യമുണ്ടായിരുന്ന 2000 ചതുരശ്ര അടിക്കു പകരം 1265 ചതുരശ്ര അടി മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്ന് വെളിവായി.

ആൺകുട്ടികളുടെ ഡോർമിറ്ററി വളരെ ഇടുങ്ങിയതാണെന്നും 25 കുട്ടികളെ പാർപ്പിക്കാൻ 15 സിംഗിൾ കട്ടിലുകളേ ഉള്ളുവെന്നും ഓഡിറ്റ് കണ്ടു. പകർച്ചവ്യാധികൾ ഉള്ള കുട്ടികളെ മാറ്റി പാർപ്പിക്കാൻ പ്രത്യേക മുറി ഈ ശിശുഭവനത്തിൽ ഉണ്ടായിരുന്നില്ല.

സ്ഥല പരിമിതികൾ ഉണ്ടെന്നും ജുവനൈൽ ജസ്റ്റിസ് ചട്ടം 2007-ൽ അനുശാസിക്കുന്ന വിധത്തിലുള്ള ഭൗതിക സൗകര്യങ്ങൾ ചില ഭവനങ്ങളിൽ ഇല്ലെന്നും സർക്കാർ സമ്മതിച്ചു (2015 സെപ്റ്റംബർ).

**ആതുര ശുശ്രൂഷാ സൗകര്യങ്ങൾ (4.4.7.2)**

ജുവനൈൽ ജസ്റ്റിസ് ചട്ടം 2007-ലെ ചട്ടം 45 അനുസരിച്ച് ഓരോ ശിശുഭവനം/ നിരീക്ഷണ ഭവനവും ഓരോ കുട്ടിയെയോ/ജുവനൈലിനെയോ പ്രവേശിപ്പിച്ച് 24 മണിക്കൂറിനകവും പ്രത്യേക കേസുകളിൽ ഉടനെയും, മറ്റു ഭവനങ്ങളിലേയ്ക്കയയ്ക്കുന്നതിന് 24 മണിക്കൂറിനകവും, ഒരു മെഡിക്കൽ ഓഫീസറെക്കൊണ്ട് മെഡിക്കൽ പരിശോധന നടത്തിക്കേണ്ടതാണ്. ഓരോ സ്ഥാപനവും ഓരോ കുട്ടിയുടെയും മാസംതോറുമുള്ള മെഡിക്കൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ഒരു മെഡിക്കൽ റെക്കോർഡ് സൂക്ഷിക്കേണ്ടതും, വിവിധ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ക്ലിനിക്കൽ മന:ശാസ്ത്രജ്ഞർ, മാനസികാരോഗ്യ സ്ഥാപനങ്ങൾ എന്നിവയുമായി, ബന്ധപ്പെട്ട കാലകാലങ്ങളിൽ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുകയും കുട്ടികളെ ശുശ്രൂഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കുട്ടികളെ ഭവനങ്ങളിൽ പ്രവേശിപ്പിക്കുന്ന അവസരത്തിൽ, അവരുടെ ആരോഗ്യനില നിർണ്ണയിക്കുവാനും അവർക്ക് ഏതെങ്കിലും മുറിവുകളോ പകർച്ചവ്യാധികളോ ഉണ്ടോ എന്നും കൂടുതൽ പ്രത്യേക ചികിത്സ പ്രവേശന സമയത്ത് ആവശ്യമാണോ എന്നു പരിശോധിക്കുവാനും അടിയന്തരമായ മെഡിക്കൽ ചെക്കപ്പ് ആവശ്യമാണ്. പോലീസിന്റെയോ മറ്റേതെങ്കിലും വ്യക്തിയുടെയോ ഏതെങ്കിലും ക്രൂരതയ്ക്കോ ശാരീരിക പീഡനത്തിനോ കുട്ടി ഇരയായിട്ടില്ല എന്ന് ഉറപ്പുവരുത്താൻ അടിയന്തര മെഡിക്കൽ പരിശോധന ആവശ്യമാണ്.

ആലപ്പുഴ ശിശുഭവനം/നിരീക്ഷണ ഭവനങ്ങളിലെ പരിശോധനയിൽ, അത്തരം മെഡിക്കൽ സഹായങ്ങളൊന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2015 സെപ്റ്റംബർ). എന്നാൽ കോഴിക്കോട്ടും തിരുവനന്തപുരത്തും ശിശുഭവനം/ നിരീക്ഷണ ഭവനത്തിൽ 2014 മുതൽ മെഡിക്കൽ സൗകര്യങ്ങൾ നൽകുന്നുണ്ട്. ഓഡിറ്റ് പരിശോധിച്ച ഒരു സ്ഥാപനത്തിലും പ്രവേശിപ്പിക്കുന്നതിനും പുറത്തുവിടുന്നതിനും 24 മണിക്കൂറിനകം മെഡിക്കൽ പരിശോധന നടത്തിയിട്ടില്ലെന്ന് കണ്ടെത്തി.

സംസ്ഥാന ചട്ടങ്ങൾ 2014-ലെ ചട്ടം 58 (എൽ)(എം) അനുസരിച്ച് ഒരു സ്ഥാപനത്തിൽ പ്രവേശിപ്പിക്കുന്ന ഓരോ കുട്ടിയേയും പ്രവേശിപ്പിക്കുന്നതിനും പുറത്തുവിടുന്നതിനും 24 മണിക്കൂറിനകം മെഡിക്കൽ ഓഫീസറെക്കൊണ്ട് മെഡിക്കൽ പരിശോധന നടത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2015 സെപ്റ്റംബർ).

## സ്ഥാപനങ്ങളുടെ പരിശോധന (4.4.7.3)

ജുവനൈൽ ജസ്റ്റിസ് ചട്ടം 2007-ലെ ചട്ടം 63-ഉം, സംസ്ഥാന ചട്ടം 2014-ലെ ചട്ടം 76-ഉം അനുസരിച്ച് സംസ്ഥാന സർക്കാർ, സംസ്ഥാന, ജില്ല/നഗരതല അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ സന്ദർശിക്കുവാനും സ്ഥിതിഗതികൾക്ക് മേൽനോട്ടം നടത്താനും, സുരക്ഷിതത്വവും ക്ഷേമവും നിലനിൽപ്പും ഉറപ്പാക്കാനുള്ള രീതികളുടെ പര്യാപ്തത, സ്ഥാപനം അനുവർത്തിക്കുന്ന സുരക്ഷിതത്വത്തിന്റെയും കരുതലിന്റെയും മാനദണ്ഡങ്ങളുടെ സൂക്ഷ്മ പരിശോധന, കുട്ടികളുടെ അവകാശങ്ങളുടെ ലംഘനത്തിന്റെ സംഭവങ്ങൾ നോക്കുക, സ്ഥാപനത്തിന്റെ വികസനത്തിനും മെച്ചപ്പെടുത്തലിനുമായുള്ള നിർദ്ദേശങ്ങൾ നൽകുക എന്നിവ ചെയ്യാൻ വേണ്ടി, പരിശോധനാ സമിതികൾ രൂപീകരിക്കേണ്ടതാണ്. ഈ പരിശോധന മൂന്ന് മാസത്തിലൊരിക്കൽ നടത്തേണ്ടതാണ്.

ഇത്തരം സമിതികൾ ഇതുവരെയും (2015 ജൂലൈ) രൂപീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. സംസ്ഥാന, ജില്ലാതല സമിതികളുടെ രൂപീകരണത്തിനുള്ള നിർദ്ദേശം പരിഗണനയിലാണെന്ന് കേരള സർക്കാർ മറുപടി നൽകി (2015 സെപ്റ്റംബർ). കേരള സർക്കാർ പരിശോധനാ സമിതികൾ രൂപീകരിക്കുന്നതിലെ കാലതാമസം മൂലം സുരക്ഷിതത്വമുറപ്പിക്കാനുള്ള രീതികളുടെ പര്യാപ്തത, സ്ഥാപനം അനുവർത്തിക്കുന്ന സുരക്ഷിതത്വത്തിന്റെയും കരുതലിന്റെയും മാനദണ്ഡങ്ങളുടെ സൂക്ഷ്മ പരിശോധന, കുട്ടികളുടെ അവകാശങ്ങളുടെ മേലുള്ള കടന്നുകയറ്റം എന്നിവ സർക്കാരിന് മനസ്സിലാക്കാൻ കഴിഞ്ഞില്ല.

## ശിശുഭവനം/നിരീക്ഷണ ഭവനം/പ്രത്യേക ഭവനത്തിലെ ജീവനക്കാരുടെ പരിശീലനം (4.4.8)

ജുവനൈൽ ജസ്റ്റിസ് ചട്ടം 2007-ലെ ചട്ടം 90 അനുസരിച്ച് ശിശുഭവനം/ നിരീക്ഷണ ഭവനം/പ്രത്യേക ഭവനത്തിലെ ജീവനക്കാർക്ക് അവരുടെ നിയമപരമായ ഉത്തരവാദിത്വങ്ങൾക്കനുസരിച്ചുള്ള പരിശീലനം നൽകേണ്ടതാണ്. സംസ്ഥാന ചട്ടം 2014 -ലെ ചട്ടം 106 അനുസരിച്ച് കെയർടേക്കർ[11], സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട്, കൗൺസിലർ, ശിശുസംരക്ഷണ പ്രവർത്തകർ[12] എന്നിവർക്കും പരിശീലനം നൽകേണ്ടതാണ്.

11 സുരക്ഷാ കാര്യങ്ങൾ, ലഹളകൾ, അത്യാവശ്യ സന്ദർഭങ്ങൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, പ്രഥമ ശുശ്രൂഷ, പകർച്ചവ്യാധികളുടെ സമയത്ത് അതിനെ കൈകാര്യം ചെയ്യൽ, വ്യക്തിഗത ശുചിത്വം, ശുചീകരണം, നിയമം/ചട്ടങ്ങൾ, ഉത്തരവാദിത്വങ്ങൾ, തുടങ്ങിയവയിൽ പരിശീലനം നൽകണം.

12 ബാലാവകാശ സമ്മേളനം, വിവരങ്ങൾ ശേഖരിച്ച് അപഗ്രഥനം നടത്തുകയും റിപ്പോർട്ട് എഴുതുകയും ചെയ്യൽ, ഓരോ വിഭാഗവുമായി ബന്ധപ്പെട്ട ചുമതലകൾ സംബന്ധിച്ച ചട്ടങ്ങളും നിയമങ്ങളും, കുട്ടികളുടെ നീതിന്യായ ഭരണത്തിനുള്ള യുഎൻ സ്റ്റാൻഡേർഡ് മിനിമം ചട്ടങ്ങൾ എന്നിവയിൽ രണ്ടാഴ്ചത്തെ പരിശീലനം നൽകിയിരിക്കണം.

2014 സെപ്റ്റംബറിലും 2015 ജൂണിലും സൂപ്രണ്ടിന്റെയും കെയർടേക്കറുടേയും തസ്തികയിലിരിക്കുന്നവർക്ക് പരിശീലനം നൽകിയെന്ന് സംസ്ഥാന ശിശുവകുപ്പ് ഡയറക്ടർ സമ്മതിച്ചെങ്കിലും (2015 ജൂലൈ) ഈ ചട്ടങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന പ്രത്യേക മേഖലകൾ പരിശീലനത്തിലുൾപ്പെടുത്തിയില്ല. സംസ്ഥാന ചട്ടം 2014-ലെ ചട്ടം 106(4)-ൽ വിഭാവനം ചെയ്തിരിക്കുന്ന സെമിനാറുകൾ, കളരികൾ, പ്രീസർവ്വീസ്/ ഇൻ-സർവ്വീസ് പരിശീലനം, കൗൺസിലിങ്ങിനും മാർഗ്ഗ നിർദ്ദേശത്തിനുമുള്ള പരിശീലനം, കേസ് വർക്ക് രീതികൾ തുടങ്ങിയവ നടത്താനുള്ള നോഡൽ വിദഗ്ധ സംഘം രൂപീകരിച്ചില്ല.

സംസ്ഥാന ചട്ടം 2014-ലെ ചട്ടം 106(4) താഴെ പറയുന്ന മൂന്ന് തരം പരിശീലന പരിപാടികൾ വിഭാവനം ചെയ്യുന്നതായി സർക്കാർ മറുപടി പറഞ്ഞു (2015 സെപ്റ്റംബർ). (എ) ഓറിയന്റേഷൻ ആൻഡ് ഇൻഡക്ഷൻ പരിശീലനം, (ബി) കെയർടേക്കർമാർക്ക് നൈപുണ്യ വികസന/പഠനാന്തര പരിശീലനവും, (സി) കാലാകാലങ്ങളിലെ ജീവനക്കാരുടെ യോഗങ്ങൾ, സെമിനാറുകൾ, പരിശീലന കളരികൾ, ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചത് പ്രീ-സർവ്വീസ് പരിശീലനമാണെന്നും സർക്കാർ പ്രസ്താവിച്ചു. (ബി)-യിലും (സി)-യിലും വിഭാവനം ചെയ്യുന്ന പരിശീലനങ്ങൾ പതിവായി നടത്തുന്നുണ്ട്. ചട്ടം 106(4)-ൽ വിഭാവനം ചെയ്തിരുന്നതുപോലെ ജുവനൈൽ ജസ്റ്റിസ് ഭരണ സംവിധാനത്തിലെ പ്രവർത്തകർക്ക് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യാൻ നോഡൽ വിദഗ്ധ സംഘം രൂപീകരിക്കുമെന്ന് പ്രസ്താവിച്ചു.

എന്നാൽ, പുതുതായി വന്ന ജീവനക്കാർ ഒരു പ്രീ-സർവ്വീസ് പരിശീലനവും കൂടാതെയാണ് അവരുടെ കർത്തവ്യങ്ങൾ നിറവേറ്റുന്നത് എന്നാണ് വാസ്തവം.

**ഉപസംഗ്രഹം (4.4.9)**

ജുവനൈൽ ജസ്റ്റിസ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ ശിശുഭവനങ്ങൾ സംസ്ഥാന സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടില്ല. പെൺകുട്ടികളുടെ പ്രത്യേക ശിശു ഭവനമില്ലാത്തതിനാൽ 2012-2015 കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ 188 പെൺകുട്ടികളും ആലപ്പുഴ ജില്ലയിൽ 55 പെൺകുട്ടികളെയും വിവിധ അനാഥാലയങ്ങളിലേക്ക് അയയ്ക്കപ്പെട്ടു. 2012-2015 കാലയളവിൽ ശിശുഭവനങ്ങളിൽ നിന്ന് കാണാതായ 47 കുട്ടികളെയും, സർക്കാർ നടത്തുന്ന നിരീക്ഷണ ഭവനങ്ങൾ/ പ്രത്യേക ഭവനങ്ങളിൽ നിന്ന് രക്ഷപ്പെട്ട എട്ട് കുട്ടികളെയും 2015 മാർച്ച് വരെയും കണ്ടെത്താനായില്ല. സുരക്ഷിതത്വവും കരുതലും ആവശ്യമായ കുട്ടികളെ കുറ്റവാസനയുള്ളവരും കുറ്റക്കാരുമായ കുട്ടികളുമായി സമ്പർക്കത്തിലേർപ്പെടാൻ നിരീക്ഷണ ഭവനങ്ങളും ശിശുഭവനങ്ങളും സർക്കാർ ഒന്നിച്ചു നടത്തുന്നത് കാരണമാകുന്നു. ജീവനക്കാരുടെ കുറവ് ഭവനങ്ങളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു. കൗൺസിലർമാരുടെ തസ്തികകൾ സർക്കാർ അനുവദിക്കാത്തതിനാൽ കുട്ടികൾക്കുള്ള ഐ.സി.പി. തയ്യാറാക്കിയതുമില്ല. വിവിധ ശിശുക്ഷേമ സമിതികൾ

മാനസികരോഗമുള്ള കുട്ടികളെ അവരെ ചികിത്സിക്കാൻ സൗകര്യമില്ലാത്ത, കോഴിക്കോട്ടുള്ള ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ഭവനത്തിലേക്ക് അയയ്ക്കുന്നു. ഭവനങ്ങളുടെ മേൽനോട്ടത്തിന് സംസ്ഥാന, ജില്ലാ നഗരതലത്തിൽ പരിശോധനാ സമിതി രൂപീകരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. ഈ ഭവനങ്ങൾ കൈകാര്യം ചെയ്യുന്ന ആൾക്കാർക്ക് അവരുടെ ഉത്തരവാദിത്വങ്ങൾ നടപ്പാക്കാനുള്ള ശരിയായ പരിശീലനം ലഭിച്ചിട്ടില്ല. ഭവനങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ജുവനൈൽ ജസ്റ്റിസ് ആക്ടിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ വളരെ മുന്നോട്ട് പോകേണ്ടതുണ്ട്.

[ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.]

65. "ഭൗതിക സാഹചര്യങ്ങൾ" എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി, പഴയ ജയിലുകൾ ശിശുഭവനങ്ങളാക്കി മാറ്റിയിട്ടാണ് കുട്ടികളെ പാർപ്പിച്ചിരിക്കുന്നത് എന്നത് വളരെ ഗൗരവമായി കാണേണ്ട വിഷയമാണെന്നും ഈ കെട്ടിടങ്ങളിൽ വരുന്ന കുട്ടികൾക്ക് അവർ ജയിലിലാണ് കിടക്കുന്നതെന്ന തോന്നൽ വരികയും അത് അവരുടെ മാനസികാവസ്ഥയെ ബാധിക്കുമെന്നും അഭിപ്രായപ്പെട്ടു. നൂതന മോഡേൺഎഞ്ചിനീയറിംഗിൽ ജയിൽ ആർക്കിടെക്ചർ എന്ന ഒരു പുതിയ വിഭാഗമുണ്ടെന്നും അതുപോലെ മാനസികാരോഗ്യ കേന്ദ്രത്തിൽ താമസിക്കുന്നവരുടെ സുരക്ഷിതത്വം, സംരക്ഷണം, മാനസികോല്ലാസം എന്നിവ കണക്കിലെടുത്ത് പുതിയ ആർക്കിടെക്ചർ വികസിപ്പിച്ചിട്ടുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. താമസിക്കുന്ന കെട്ടിടത്തിന്റെ അന്തരീക്ഷം അന്തേവാസികളുടെ മാനസികനിലയെ ബാധിക്കുമെന്നതിനാൽ നവീന ആർക്കിടെക്ചർ ഉപയോഗിച്ച് ഇത്തരം കെട്ടിടം പണിയണമെന്നും നിലവിൽ പല ശിശു ഭവനങ്ങളും യോഗ്യതാസർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്നതാണെന്നും ഇത്തരം ഭവനങ്ങൾ പുതിയ ആർക്കിടെക്ചർ അനുസരിച്ച് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

66. ഇപ്പോൾ ലൈബ്രറി, കമ്പ്യൂട്ടർ റൂം എന്നിവ ഉൾപ്പെടെ എല്ലാ സൗകര്യങ്ങളോടും കൂടിയാണ് കെട്ടിടങ്ങൾ പണിയുന്നതെന്ന് വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

67. ശിശുഭവനങ്ങളിൽ കുട്ടികൾക്ക് സ്ഥിരമായി മെഡിക്കൽ ചെക്കപ്പ് നടത്താറുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി മെഡിക്കൽ ഓഫീസർ സ്ഥാപനത്തിൽ വന്ന് ചെക്കപ്പ് നടത്താറുണ്ടെന്നും, എന്തെങ്കിലും പ്രത്യേക കേസ് റിപ്പോർട്ട് ചെയ്താൽ ഏത് ആശുപത്രിയിലും കൊണ്ടുപോകാനുള്ള സംവിധാനം ഉണ്ടെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

68. സംസ്ഥാന, ജില്ല/നഗരതലത്തിൽ ചട്ടം അനുസരിച്ച് സ്ഥാപനങ്ങളുടെ പരിശോധന നടത്തുന്നുണ്ടോയെന്ന് സമിതി ചോദിച്ചതിന് മറുപടിയായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പരിശോധന നടത്തി വരുന്നുണ്ടെന്ന് വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

69. ശിശുഭവനം/നിരീക്ഷണ ഭവനം/പ്രത്യേക ഭവനത്തിലെ ജീവനക്കാരുടെ പരിശീലനം എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി ആക്ട് അനുസരിച്ച് ജീവനക്കാർക്ക് അവരുടെ നിയമപരമായ ഉത്തരവാദിത്വങ്ങൾക്കനുസരിച്ചുള്ള പരിശീലനം നൽകുന്നുണ്ടോയെന്ന് ആരാഞ്ഞതിന് പുതുതായി രജിസ്റ്റർ ചെയ്തവർക്കു വേണ്ടിയുള്ള ട്രെയിനിംഗ് ഇപ്പോൾ നടത്തിവരുന്നുവെന്നും മുൻപ് മുതലുള്ളവർക്ക് സ്ഥിരമായി എല്ലാവർഷവും ട്രെയിനിംഗ് നടത്താറുണ്ടെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

70. ജെ.ജെ. ആക്ടിലെ ചട്ടം 106(4)-ൽ വിഭാവനം ചെയ്തിരുന്നതുപോലെ ജുവനൈൽ ജസ്റ്റീസ് ഭരണ സംവിധാനത്തിലെ പ്രവർത്തകർക്ക് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി നോഡൽ വിദഗ്ധ സംഘത്തിന്റെ രൂപീകരണത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി വകുപ്പിനോട് ആവശ്യപ്പെട്ടു. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ഒരാഴ്ചയ്ക്കുള്ളിൽ സമിതി മുമ്പാകെ ലഭ്യമാക്കുന്നതാണെന്ന് വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ ഉറപ്പു നൽകി.

71. കുട്ടികളുടെ അവകാശ സംരക്ഷണത്തിനും സുരക്ഷയ്ക്കും പരിപോഷണത്തിനുമായി കേന്ദ്ര സർക്കാർ നടപ്പാക്കിയ ജെ.ജെ.ആക്ടിലെ നടപടിക്രമങ്ങളും മറ്റും വളരെ പ്രായോഗികവും പ്രയോജനകരവുമാണെന്ന് സമിതി നിരീക്ഷിക്കുകയും കുട്ടികളെ പാർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ടി ആക്ട് പ്രകാരമുള്ള സൗകര്യങ്ങൾ നടപ്പാക്കി സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്ത് നിരീക്ഷണം ചെയ്യണമെന്ന് ബഹു. സുപ്രീംകോടതി ഉത്തരവിട്ട സാഹചര്യത്തിൽ കേരളത്തിൽ കുട്ടികളെ പാർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളും (സന്നദ്ധ സംഘടനകളും മതസ്ഥാപനങ്ങളും നടത്തുന്ന അനാഥമന്ദിരങ്ങൾ ഉൾപ്പെടെ) ജെ.ജെ. ആക്ട് പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി നിരീക്ഷണം ചെയ്യേണ്ടതുണ്ടെന്ന് സമിതി കരുതുന്നു. അതിനായി 2015-ലെ ഓർഫനേജ് കൺട്രോൾ ബോർഡ് (കേരള) അമെന്റ്മെന്റ് റെഗുലേഷൻസിൽ അടിയന്തരമായി ഭേദഗതി വരുത്തി തുടർനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

## നിഗമനങ്ങൾ/ശിപാർശകൾ

72. കുറ്റവാളികളെ പാർപ്പിച്ചിരുന്ന പഴയ ജയിലുകൾ ശിശുഭവനങ്ങളാക്കി മാറ്റിയിട്ടാണ് നിലവിൽ കുട്ടികളെ പാർപ്പിച്ചിരിക്കുന്നത് എന്ന വസ്തുത വളരെ ഗൗരവമായി കാണേണ്ട വിഷയമാണെന്നും തങ്ങൾ ജയിലിലാണ് കിടക്കുന്നതെന്ന വിചാരം ഈ കെട്ടിടങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ മാനസികാവസ്ഥയെ പ്രതികൂലമായി ബാധിക്കുമെന്നും സമിതി വിലയിരുത്തുന്നു. മാനസികാരോഗ്യ കേന്ദ്രത്തിൽ താമസിക്കുന്നവരുടെ സുരക്ഷിതത്വം, സംരക്ഷണം, മാനസികോല്ലാസം എന്നിവ കണക്കിലെടുത്തുകൊണ്ടുള്ള ഒരു പുതിയ നിർമ്മാണശൈലി ആധുനിക ആർക്കിടെക്ചർ എഞ്ചിനീയറിംഗ് ശാഖ വികസിപ്പിച്ചിട്ടുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി. താമസിക്കുന്ന കെട്ടിടത്തിന്റെ അന്തരീക്ഷം അതിലെ അന്തേവാസികളുടെ മാനസിക നിലയെ ബാധിക്കുമെന്നതിനാൽ നവീന നിർമ്മാണശൈലി ഉപയോഗിച്ച് വേണം ശിശുഭവനങ്ങൾ പണിയേണ്ടതെന്നും നിലവിൽ യോഗ്യതാസർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ശിശു ഭവനങ്ങൾ പുതിയ ആർക്കിടെക്ചർ അനുസരിച്ച് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

73. ജെ.ജെ. ആക്റ്റിലെ ചട്ടം 106(4)-ൽ വിഭാവനം ചെയ്തിരുന്നതുപോലെ ജുവനൈൽ ജസ്റ്റീസ് ഭരണ സംവിധാനത്തിലെ പ്രവർത്തകർക്ക് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി നോഡൽ വിദഗ്ദ്ധ സംഘത്തിന്റെ രൂപീകരണത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി വകുപ്പിനോട് ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ പ്രസ്തുത വിവരം ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. നോഡൽ വിദഗ്ദ്ധ സംഘം രൂപീകരിച്ചിട്ടില്ലെങ്കിൽ ആയത് അടിയന്തരമായി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 3.

അനുബന്ധം-I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട വകുപ്പ് | ഖണ്ഡിക നമ്പർ | നിഗമനം/ശിപാർശ |
|---|---|---|---|
| 1 | സാമൂഹ്യ നീതി വകുപ്പ് | 4 | 2006-ലെ ജെ. ജെ. നിയമത്തിലെ 34(3) വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരോ സന്നദ്ധ സംഘടനകളോ നടത്തുന്ന എല്ലാ ശിശു ഭവനങ്ങളും ഈ നിയമത്തിനു വിധേയമായി രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ ഏതൊരു നിയമത്തിന്റേയും അന്തസത്ത ഉൾക്കൊണ്ടും ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിർത്തിയും വേണം അതിലെ വ്യവസ്ഥകൾ നടപ്പിലാക്കേണ്ടത് എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ എല്ലാ ശിശുഭവനങ്ങളേയും രജിസ്റ്റർ ചെയ്യുന്നതിനുപരിയായി പ്രസ്തുത നിയമം അനുശാസിക്കുന്ന വ്യവസ്ഥകളെല്ലാം പാലിച്ചുകൊണ്ട് സൗകര്യങ്ങളൊരുക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ രജിസ്ട്രേഷൻ നൽകേണ്ടതുള്ളൂ എന്ന് വ്യവസ്ഥ ചെയ്താലേ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യം നിറവേറുകയുള്ളൂ എന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ നിയമവ്യവസ്ഥകൾ എല്ലാം പാലിച്ചുകൊണ്ടുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ ശിശുഭവനമായി രജിസ്ട്രേഷൻ അനുവദിക്കാവൂ എന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 2 | സാമൂഹ്യ നീതി വകുപ്പ് | 8 | അനുയോജ്യമെന്ന് അംഗീകരിക്കാത്ത മഹിളാ മന്ദിരത്തിലും മറ്റ് സർക്കാരിതര സ്ഥാപനങ്ങളിലും പെൺകുട്ടികളെ താമസിപ്പിക്കുന്നത് ജെ.ജെ. നിയമത്തിൽ അനുശാസിക്കും പ്രകാരം അവർക്ക് അർഹതപ്പെട്ടതും അനുവദിച്ച് നൽകേണ്ടതുമായ കരുതലും സഹായവും നിഷേധിക്കുന്നതിനിടയാക്കുമെന്നത് കൂടാതെ സുരക്ഷിതമല്ലാത്ത ചുറ്റുപാടുകളിൽ താമസിക്കുന്നത് ഗുരുതരമായ അപകടാവസ്ഥയ്ക്കും ഇടയാക്കുമെന്ന് സമിതി സന്ദേഹിക്കുന്നു. മതിയായ |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളില്ലാതിരുന്ന കാലത്ത് പെൺകുട്ടികളെ മഹിളാ മന്ദിരത്തിലേക്ക് അയച്ചിരുന്നുവെങ്കിലും ഇപ്പോൾ മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള നിലയ്ക്ക് കുട്ടികളെ മഹിളാ മന്ദിരത്തിലേക്ക് അയയ്ക്കേണ്ട സാഹചര്യം നിലനിൽക്കുന്നില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, മഹിളാ മന്ദിരത്തിൽ സ്ത്രീകളോടൊപ്പം കുട്ടികളെ താമസിപ്പിക്കുന്നത് ഒഴിവാക്കേണ്ടതാണെന്നും ഇക്കാര്യം കൃത്യമായി പാലിക്കുന്നുണ്ടെന്ന കാര്യം ഉറപ്പാക്കണമെന്നും സമിതി വകുപ്പിന് കർശന നിർദ്ദേശം നൽകുന്നു. |
| 3 | സാമൂഹ്യ നീതി വകുപ്പ് | 14 | ശിശുഭവനം, നിരീക്ഷണഭവനം, പ്രത്യേക ഭവനം എന്നിവയിൽ നിന്നും എത്ര കുട്ടികളെ 2015-2018 വർഷക്കാലയളവിൽ കാണാതായി, ഇവരിൽ എത്ര കുട്ടികളെ കണ്ടെത്തി, ഇത് സംബന്ധിച്ച് പോലീസിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ നിലവിലെ അവസ്ഥ തുടങ്ങിയ വിവരങ്ങളിൽ വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി വകുപ്പിനോട് ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഇപ്രകാരം സമിതി അടിയന്തരമായി ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിൽ വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന അലംഭാവം സമിതിയോടുള്ള അനാദരവാണെന്ന് സമിതി കരുതുന്നു. കൂടാതെ ആവശ്യപ്പെട്ട അധിക വിവരങ്ങൾ ലഭിക്കാത്തത് സമിതിക്ക് ടി വിഷയത്തെക്കുറിച്ച് തുടർ പഠനം നടത്തുന്നതിനും പോരായ്മകൾ ചൂണ്ടിക്കാട്ടി പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും വിഘാതം സൃഷ്ടിക്കുന്നതായി സമിതി ചൂണ്ടിക്കാട്ടുന്നു. ഭാവിയിൽ ഇത്തരത്തിൽ വീഴ്ചകൾ വരുത്താതിരിക്കാൻ വകുപ്പിന്റെ ഭാഗത്തുനിന്നും സത്വരശ്രദ്ധ ഉണ്ടാകണ |

| | | | |
|---|---|---|---|
| | | | മെന്നും സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശം നൽകുന്നു. |
| 4 | സാമൂഹ്യ നീതി വകുപ്പ് | 15 | ജെ.ജെ.ആക്ടിൽ പറഞ്ഞിട്ടുള്ള വ്യക്തിഗത പരിചരണം പദ്ധതി നിർബന്ധമാക്കണമെന്നും സർക്കാർ ഭവനങ്ങൾ, എൻ.ജി.ഒ. നടത്തുന്ന സ്ഥാപനങ്ങൾ എന്നീ വേർതിരിവില്ലാതെ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള എല്ലാ ശിശുഭവനങ്ങളിലും ഈ പദ്ധതി നടപ്പിൽ വരുത്തണമെന്നും നിയമത്തിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകളെല്ലാം പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി വകുപ്പിനോട് ശിപാർശ ചെയ്യുന്നു. |
| 5 | സാമൂഹ്യ നീതി വകുപ്പ് | 21 | പോക്സോ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ ഹൈക്കോടതി എഫ്.ഐ.ആർ. റദ്ദാക്കാനിടയായതിലും കുറ്റാരോപിതനായ ജീവനക്കാരനെ അതേ ശിശുഭവനത്തിൽ തന്നെ തിരികെ നിയമിച്ച വകുപ്പിന്റെ നടപടിയിലും സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. കരുതൽ ലഭിക്കാത്ത സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതിനായുള്ള സർക്കാർ സംവിധാനമായ ശിശുഭവനങ്ങൾ പോലെയുള്ള സ്ഥാപനങ്ങളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത് ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കാനുള്ള നിലവിലുള്ള നിയമത്തിന്റെയും ചട്ടങ്ങളുടെയും വ്യക്തമായ ലംഘനമാണെന്ന് സമിതി വീക്ഷിക്കുന്നു. ഇക്കാര്യത്തിൽ കുറ്റാരോപിതനായ വ്യക്തിയെ സംരക്ഷിക്കുന്നതിനുള്ള നീക്കങ്ങൾ നടന്നതായി സമിതി സംശയിക്കുന്നു. പോക്സോ നിയമം പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളിൽ ഹൈക്കോടതി എഫ്.ഐ.ആർ. റദ്ദാക്കാറില്ലെന്നും അപ്രകാരം റദ്ദാക്കിയിട്ടുണ്ടെങ്കിൽ കുറ്റാരോപിതനായ വ്യക്തിയെ സംരക്ഷിക്കുന്ന രീതിയിൽ കേസ് |

| | | | |
|---|---|---|---|
| | | | നിരുത്തരവാദപരമായി കൈകാര്യം ചെയ്യുതുകൊണ്ടാണ് സംഭവിച്ചതെന്നും സമിതി നിരീക്ഷിക്കുന്നു. പോക്സോ കേസ്സുകൾ നിരുത്തരവാദപരമായി കൈകാര്യം ചെയ്താൽ ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാൻ സാധ്യതയുണ്ടെന്നും സമിതി വിലയിരുത്തുന്നു. പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിലെ എഫ്.ഐ.ആർ. ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ വളരെ സൂക്ഷ്മതയോടും അവധാനതയോടും കൂടി വേണം തയ്യാറാക്കേണ്ടതെന്നും കുറ്റകൃത്യം ചെയ്യുവർക്ക് രക്ഷപ്പെടുവാൻ സഹായക മാകുന്നതരത്തിൽ ബോധപൂർവ്വമോ അല്ലാതെയോ യാതൊരു പഴുതും നടപടിക്രമങ്ങളിൽ ഉണ്ടാകുവാൻ പാടില്ലായെന്നും വകുപ്പ് ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകണമെന്നും ഇക്കാര്യത്തിൽ ഉദാസീന സമീപനം സ്വീകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും സമിതി ശക്തമായി നിർദ്ദേശിക്കുന്നു. |
| 6 | സാമൂഹ്യ നീതി വകുപ്പ് | 22 | കോഴിക്കോട് പെൺകുട്ടികൾക്കായുള്ള ശിശുഭവനത്തിലെ അന്തേവാസികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ സമീപത്തുള്ള ആൺ കുട്ടികൾക്കായുള്ള ശിശു ഭവനത്തിലെ ഇലക്ട്രീഷ്യൻ-കം-പമ്പ് ഓപ്പറേറ്റർ ക്കെതിരെ പോക്സോ നിയമപ്രകാരമുള്ള കേസ് കോടതി റദ്ദാക്കാനുണ്ടായ സാഹചര്യം, മറ്റേതെങ്കിലും കേസ് ടിയാൾക്കെതിരെ ഉണ്ടോ, തുടങ്ങി ഈ വിഷയം സംബന്ധിച്ച എല്ലാ വിവരങ്ങളും ഉൾക്കൊണ്ടുകൊണ്ടുള്ള വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| 7. | സാമൂഹ്യ നീതി വകുപ്പ് | 25 | ജെ.ജെ. നിയമങ്ങൾക്ക് വിരുദ്ധമായി ആൺകുട്ടി കളെയും പെൺകുട്ടികളെയും ഒരുമിച്ച് പാർപ്പി ച്ചിരിക്കുന്നത് ശരിയായ നടപടിയല്ലെന്നും പെൺകുട്ടി കൾക്കായി പ്രത്യേക ശിശുഭവനം ഉണ്ടായിരിക്കണ മെന്നും സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 8 | സാമൂഹ്യ നീതി വകുപ്പ് | 29 | ജുവനൈൽ ജസ്റ്റിസ് ചട്ടങ്ങൾ പ്രകാരം നിരീക്ഷണ ഭവനം, ശിശുഭവനം എന്നിവ വെവ്വേറെ പരിസരങ്ങളിൽ പ്രവർത്തിക്കണമെന്നിരിക്കെ, പ്രസ്തുത സ്ഥാപനങ്ങൾ ഒരേ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ നിരീക്ഷണ ഭവനമായി പ്രവർത്തിക്കുന്ന മുകളിലത്തെ നിലയിലെ കുട്ടികളും ശിശുഭവനമായി പ്രവർത്തിക്കുന്ന താഴത്തെ നിലയിലെ കുട്ടികളും തമ്മിൽ പരസ്പരം ബന്ധപ്പെടുന്നതിനുള്ള സാഹചര്യമില്ലായെന്ന സർക്കാർ മറുപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സംരക്ഷണവും സുരക്ഷിതത്വവും ആവശ്യമുള്ള കുട്ടികളെ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികളുമായി സമ്പർക്കത്തിലേർപ്പെടാനുള്ള അവസരമുണ്ടാക്കുന്നത് വളരെ ആശങ്കാജനകവും ജെ.ജെ. ആക്ടിന്റെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജെ.ജെ. ചട്ടങ്ങൾ അനുസരിച്ച് നിരീക്ഷണ ഭവനവും ശിശുഭവനവും വെവ്വേറെ പരിസരങ്ങളിൽ പ്രവർത്തിപ്പിക്കുന്നതിന് വകുപ്പിന്റെ ഭാഗത്തു നിന്നും കർശന നടപടി ഉണ്ടായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 9 | സാമൂഹ്യ നീതി വകുപ്പ് | 33 | ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെയുള്ള കേസ്സുകൾ തീർപ്പാക്കുന്നതുവരെ കേസ്സുമായി ബന്ധപ്പെട്ട കുട്ടികളെ നിരീക്ഷണ ഭവനങ്ങളിൽ നിന്നും പുറത്തുവിടാൻ സാധിക്കില്ലായെന്നും വകുപ്പ് അവരെ സംരക്ഷിക്കേണ്ടതാണെന്നും കോടതി കൂടിയാൽ മാത്രമേ കേസ്സുകൾ തീർപ്പാക്കാൻ സാധിക്കുകയുള്ളുവെന്നും സമിതി മനസ്സിലാക്കുന്നു. |
| 10 | സാമൂഹ്യ നീതി വകുപ്പ് | 34 | ഒരു ജില്ലയിൽ ഒരു ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് മാത്രമേയുള്ളുവെന്നും, ജെ.ജെ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകൾക്കായി പ്രത്യേക കോടതിയില്ലായെന്നും ഇത് കോടതിയുടെ നിലവിലെ |

| | | | |
|---|---|---|---|
| | | | ജോലിയ്ക്കുപുറമേയുള്ള അധിക ജോലിയാണെന്നും ആയതിനാൽ ഇത്തരം കേസ്സുകൾ അടിയന്തരമായി പരിഹരിക്കപ്പെടേണ്ടതാണെങ്കിലും അതിന് കാലതാമസം നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജെ.ജെ. നിയമപ്രകാരമുള്ള കേസ്സുകൾ തീർപ്പുകൽപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനായി എല്ലാ ജില്ലയിലും ജെ.ജെ. കമ്മിറ്റി സ്ഥാപിക്കുന്നതിന് ഹൈക്കോടതി മുൻപാകെ അപേക്ഷ നൽകുവാൻ സർക്കാർ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു. |
| 11 | സാമൂഹ്യ നീതി വകുപ്പ് | 41 | തൃശ്ശൂരിലെ സുരക്ഷിത സ്ഥാനമായി പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച കേന്ദ്രത്തിന്റെ നടത്തിപ്പിനായി സൂപ്രണ്ട് അടക്കമുള്ള തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നൽകിയ അപേക്ഷ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ വകുപ്പിനോട് നിർദ്ദേശിക്കുന്നു. സൂപ്രണ്ടിന്റെയും, കെയർടേക്കറിന്റെയും തസ്തിക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശിപാർശ ചെയ്യുന്നു. |
| 12 | സാമൂഹ്യ നീതി വകുപ്പ് | 42 | ശിശു കരുതൽ കേന്ദ്രങ്ങളിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടി വകുപ്പിൽ നിന്നും സർക്കാരിലേയ്ക്കയച്ച അപേക്ഷയുടെ വിശദാംശങ്ങൾ സ്റ്റേറ്റ്മെന്റ് മാതൃകയിൽ ലഭ്യമാക്കുവാൻ വകുപ്പിനോട് ആവശ്യപ്പെട്ടുവെങ്കിലും വകുപ്പിൽ നിന്നും നാളിതുവരെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത കേന്ദ്രങ്ങളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 13 | സാമൂഹ്യ നീതി വകുപ്പ് | 49 | ശിശുഭവനങ്ങൾ നിരീക്ഷിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പരിശോധനാ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് വകുപ്പ് ഉറപ്പ് വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ശിശു ഭവനങ്ങളിൽ നിന്ന് വീടുകളിലേക്ക് മടങ്ങിപ്പോകുന്ന കുട്ടികളെ നിരീക്ഷിക്കുന്നതിനുവേണ്ടി ഒരു സമിതി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പുനരധിവസിക്കപ്പെട്ട കുട്ടികൾ ലഹരി വസ്തുക്കൾക്ക് അടിമപ്പെടുന്നുണ്ടോയെന്ന് പ്രത്യേകം നിരീക്ഷിക്കണമെന്നും ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ അതവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 14 | സാമൂഹ്യ നീതി വകുപ്പ് | 55 | മനോവൈകല്യമുള്ള കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം താമസിപ്പിക്കുന്ന രീതി ശരിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. മനോവൈകല്യമുള്ള കുട്ടികളെ പ്രത്യേകമായി ഒരു ഭവനത്തിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 15 | സാമൂഹ്യ നീതി വകുപ്പ് | 61 | സി.ഡബ്ല്യൂ.സി.-കൾ പുനഃസംഘടിപ്പിക്കുന്നതിനും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. ശിശു സംരക്ഷണ സമിതി മുമ്പാകെ എത്തുന്ന കുട്ടികളെ സംബന്ധിച്ച് വിവരശേഖരണം നടത്തുന്നതിന്റെ ഭാഗമായുള്ള അന്വേഷണങ്ങളിൽ എത്ര എണ്ണം ഇനിയും പൂർത്തിയാകാനുണ്ട്; അന്വേഷണങ്ങൾക്കുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ വകുപ്പിനോട് സമിതി നിർദ്ദേശിച്ചുവെങ്കിലും നാളിതുവരെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. അടിയന്തര പ്രാധാന്യമുള്ള ഇത്തരം കാര്യങ്ങളിൽ വകുപ്പിന്റെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടാകാതെ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 16 | സാമൂഹ്യ നീതി വകുപ്പ് | 64 | ജെ.ജെ. ചട്ടങ്ങളിൽ പറയുന്ന പ്രകാരം യോഗ്യതയുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ രജിസ്ട്രേഷൻ നൽകേണ്ടതുള്ളുയെന്നും രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിൽ പ്രസക്തിയില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. സ്ഥാപനങ്ങളുടെ യോഗ്യത സംബന്ധിച്ച് ജെ.ജെ. ആക്ടിൽ പ്രതിപാദിച്ചിട്ടുള്ളതിന്റെ യഥാർത്ഥ ഉദ്ദേശ്യം എന്താണെന്ന് മനസ്സിലാക്കി യോഗ്യതാ സർട്ടിഫിക്കറ്റും രജിസ്ട്രേഷനും നൽകേണ്ടതാർക്കൊക്കെയാണെന്നും ഇവരണ്ടും തമ്മിലുള്ള വ്യത്യാസമെന്താണെന്ന് തീരുമാനിക്കണമെന്നും എന്തെങ്കിലും സംശയമുണ്ടെങ്കിൽ നിയമ വകുപ്പിനോട് ആരാഞ്ഞ് വ്യക്തതവരുത്തി ആയത് സംബന്ധിച്ച നടപടി സ്വീകരിക്കണമെന്നും സമിതി വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| 17 | സാമൂഹ്യ നീതി വകുപ്പ് | 72 | കുറ്റവാളികളെ പാർപ്പിച്ചിരുന്ന പഴയ ജയിലുകൾ ശിശുഭവനങ്ങളാക്കി മാറ്റിയിട്ടാണ് നിലവിൽ കുട്ടികളെ പാർപ്പിച്ചിരിക്കുന്നത് എന്ന വസ്തുത വളരെ ഗൗരവമായി കാണേണ്ട വിഷയമാണെന്നും തങ്ങൾ ജയിലിലാണ് കിടക്കുന്നതെന്ന വിചാരം ഈ കെട്ടിടങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ മാനസികാവസ്ഥയെ പ്രതികൂലമായി ബാധിക്കുമെന്നും സമിതി വിലയിരുത്തുന്നു. മാനസികാരോഗ്യ കേന്ദ്രത്തിൽ താമസിക്കുന്നവരുടെ സുരക്ഷിതത്വം, സംരക്ഷണം, മാനസികോല്ലാസം എന്നിവ കണക്കിലെടുത്തു കൊണ്ടുള്ള ഒരു പുതിയ നിർമ്മാണശൈലി ആധുനിക ആർക്കിടെക്ചർ എഞ്ചിനീയറിംഗ് ശാഖ വികസിപ്പിച്ചിട്ടുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി. താമസിക്കുന്ന കെട്ടിടത്തിന്റെ അന്തരീക്ഷം അതിലെ അന്തേവാസികളുടെ മാനസിക നിലയെ ബാധിക്കുമെന്നതിനാൽ നവീന നിർമ്മാണശൈലി ഉപയോഗിച്ച് വേണം ശിശുഭവനങ്ങൾ പണിയേണ്ടതെന്നും നിലവിൽ |

| | | | |
|---|---|---|---|
| | | | യോഗ്യതാസർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ശിശു ഭവനങ്ങൾ പുതിയ ആർക്കിടെക്ചർ അനുസരിച്ച് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
